പുസ്തകം I.
ലക്കം 1.

APRIL 1936.

# സഞ്ജയൻ




സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

# മീനത്തിൽ പെയ്ത മഴയോട്.

["നരനായിങ്ങിനെ ജനിച്ച ഭൂമിയിൽ"—എന്ന മട്ട്.]

പിഴപറ്റീയേതോ വഴി തെറ്റി വന്ന
മഴയാളേ, വെൽക! മലയാളേ.

ചൂടുമീനം തന്നിൽപ്പുതുമഴ പെയ്താൽ
പടുമീനും പണ്ണിയിടുമെന്നായ്,
പഴമൊഴിയൊന്നു മുഴുവേടമാക്കി—
പ്പുഴി ചൊൽവൂ നിന്നെക്കഴുതകളം!

വരികെന്നോമനേ, തവ ശീതസ്പർശാൽ
തരിക നീ 'ഏ—വൺ' നവജീവൻ!
ഒരു മുഷ്ക നാണിച്ചിരുകളിർക്കയ്യാ—
വരുളും താലോലമതുപോലും,
ഇതുപോലാനന്ദം തരുവോന്നല്ലെന്നെറ
പുതുമഴേ, സത്യമിതു, തങ്കം!

കവിവയ്ന്നള്ളർ ഭവതിയ്ക്കായല്ലീ
ചില വരവാക്കു ചെലവാക്കീ?
പലപലോല്ലേഖമണികളം കോത്തുള്ള
വിലയറ്റ ഹാരം, തെളിമുത്തേ,
തവ്യുദ്ഗളതളിമത്തിലല്ലീ
ശിവകരനഞ്ഞോരണിയിച്ചൂ?

ആതിലധികമായരുളുവാനാരാൻ
കൊതിയാന്നാൽ കമ്പസ്സുവനല്ലേ?
പടുദാരിദ്ര്യത്താൽ പരമിൻസോഷ്വെൻറായ്
ഗതികെട്ടുള്ളവനിവനായ്ക്കേ!
ആതിനാൽ ഞാനിതു മതിയാക്കാം; ബാക്കി—
ക്കൂതിചെയ്വാനുള്ളർ മതിയാകും!.....

പിഴപറ്റീയേതോ വഴി തെറ്റി വന്ന
മഴയാളേ, വാഴ്ക! മലയാളേ.

പി. എസ്സ്.

# ഞങ്ങൾക്കു തോന്നുന്നത്.




## ഞങ്ങളും ഞാനും.

'സഞ്ജയ'നിലുള്ള പരാധിപക്കുറിപ്പുകൾ 'ഞങ്ങളോ', 'ഞാനോ' എഴുതേണ്ടതെന്ന് ഇക്കഴിഞ്ഞ നാലു അഹോരാത്രമായി ഞാൻ ഇടയ്ക്കിടെ ആലോചിക്കുന്നു. രാവിലെ 'എനിക്കു'വേണ്ടി വോട്ടു ചെയ്യും; ഉച്ചയ്ക്ക് 'ഞങ്ങൾക്കു'വേണ്ടി വോട്ടുചെയ്യും; വൈകുന്നേരം വീണ്ടും 'എനിക്കു'വേണ്ടി വോട്ടുചെയ്യും. ഇന്ന് തിയ്യതി 24 ആണ്. നാളെ മാറാർ കൊടുത്തില്ലെങ്കിൽ നമ്മുടെ മി: നോർമൻ, ഈ തിരക്കുകാലത്ത്, വലിയ കുഴപ്പത്തിലാവും. അതുകൊണ്ട്, "വരുമ്പോലെ വരട്ടെ, എഴുതിത്തുടങ്ങട്ടെ" എന്നു, മി: പി കെ. നാരായണപിള്ളയുടെ കവിതയ്ക്കുള്ള ഉറപ്പിനേക്കാൾ ഭയങ്കരമായ, ഒരു ഉറപ്പോടുകൂടിയാണ് ഞാനിവിടെ എഴുതുവാനിരിക്കുന്നത്. എഴുതുന്നതിന്നിടയ്ക്ക് ആലോചിക്കാം; അഥവാ, ആലോചിക്കുന്നതിന്നിടയ്ക്ക് എഴുതാം; ഒടുക്കം, ലോക്കാർനോ സന്ധിക്കായ്ത്തിൽ ഹെർ ഹിറ്റ്ലർ ചെയ്തതുപോലെ, സ്വന്തം വോട്ട് മായ്മെടുത്ത് കായ്യം തീർച്ചപ്പെടുത്തുകയും ചെയ്യാം!

* * *

'ഞങ്ങൾ'—'ഞാൻ!'.....'ഞാൻ'—'ഞങ്ങൾ!'.....'ഞങ്ങളുടെ' അഭിപ്രായം ഇതാണ്; 'ഞാൻ' വിചാരിക്കുന്നത് ഇങ്ങിനെയാണ്. 'ഞങ്ങളുടെ' സ്തുതിപഥത്തെ അധിരോഹണം ചെയ്യുന്നു; 'എനിക്കോ'മ്മവരുന്നു. 'എനിക്ക്' അങ്ങിനെയല്ല തോന്നുന്നത്; 'ഞങ്ങളുടെ' അഭിപ്രായപദ്ധതി അതല്ല.....ഇവയിൽ ഏതാണ് നല്ലതെന്നാണ് ചോദ്യം: തദേവ പ്രശ്നം.

* * *

'ഞങ്ങൾക്ക്' ഒരു ഗൌരവം കൂട്ടും. 'ഞങ്ങളെ' ആരെങ്കിലും ചീത്തപറഞ്ഞാൽ എനിക്കു പറകയില്ല. എന്റെ അഭിപ്രായം അതല്ലെങ്കിലും, ഒരാദർശത്തെ

പരിപാലിക്കുവാൻ, ഒരു ജനതയുടെ പ്രാതിനിധ്യം നിറവേറ്റുവാൻ വേണ്ടി 'ഞങ്ങളുടെ' അഭിപ്രായം അതാണെന്നു പറയാം. ഇതേ ന്യായപ്രകാരം, ആണെങ്കിൽ, അല്ലെന്നും പറയാം. 'ഞാനെ'ന്നു പറയുമ്പോളാണ് സത്യം അധികം ഉണ്ടാവുക; ധൈര്യവും 'എന്നിലാ'ണുള്ളത്. പക്ഷെ അതിലൊരപകടമുള്ളത്, സകലമനുഷ്യരും സദാ "അപ്പോൾ ഞാൻ പറഞ്ഞു; ഞാനില്ലായിരുന്നുവെങ്കിൽ—!; കൊടുത്തു ഞാൻ അവന്റെ പിരടിക്ക്" എന്നിങ്ങിനെ നിരന്തരം "ഞാൻ, ഞാൻ" എന്നു പറഞ്ഞുകൊണ്ടിരിക്കുവാൻ ഇച്ഛിക്കുന്നവരാണെങ്കിലും, മറ്റൊരാളും "ഞാൻ, ഞാൻ" എന്നു പറയുന്നതു കേൾക്കുവാൻ ഇഷ്ടപ്പെടുന്ന ഒരൊറ്റ മനുഷ്യൻപോലും ഉണ്ടാവുകയില്ലെന്നുള്ളതാണ്. എനിക്കു തോന്നിയതിന് "എനിക്കു തോന്നുന്നത്" എന്ന എത്രയോ വിനീതമായ ഒരു തലക്കെട്ട് ഞാൻ കൊടുത്തപ്പോൾ അതുംകൂടി അധികപ്രസംഗമാണെന്ന് ഈയെടെ ഒരാൾ പറഞ്ഞില്ലേ? ഞാനൊരധികപ്രസംഗിയാണെന്ന് മറ്റേ വിദ്വാൻ അന്തരമായി വിശ്വസിച്ചിരുന്നുവെങ്കിൽ അതെന്നോടു പറയുമോ? തെമ്മാടിയുടെ മുഖത്തു നോക്കി തെമ്മാടിയെന്നു വിളിച്ചാൽ, വിളിയുടെ തെളിവ് രണ്ടേ രണ്ടു നിമിഷംകൊണ്ട് കിട്ടുകയില്ലേ? ദേഹത്തിന് 'ബുഷ്ടികരമായ്ത്' തെമ്മാടിയെ തെമ്മാടിയെന്നു വിളിക്കുന്നതല്ല. വല്ലവനേയും അങ്ങിനെ വിളിച്ചേ കഴിയുകയുള്ളു എങ്കിൽ, ഒരു മയ്യാഴക്കാരനെ തെമ്മാടിയെന്നു വിളിക്കുന്നതാണ് നല്ലത്. ഏറിവന്നാൽ അയാൾ തിരിഞ്ഞുനിന്ന് "അയ്യോ, അവിടുന്ന് ആലോചിക്കാഞ്ഞിട്ടാണ്; ഞാൻ തെമ്മാടിയൊന്നുമല്ല" എന്നേ പറയൂ.....

* * *

ശരി: അതുകൊണ്ട് ഞാൻ ലോകത്തിന്റെ കണ്ണിൽ അധികപ്രസംഗിയായ 'എന്നെ' വിട്ട്, സൌകര്യവും, പതുമുറയും, മറുമാലോചിച്ച് 'ഞങ്ങളെ' സ്വീകരിക്കുന്നു. ഇവിടെയാണ് 'ഞങ്ങളും' ആരാണെന്ന ചോദ്യം വരുന്നത്. പറയാം: 'ഞങ്ങളെ'ന്നുവെച്ചാൽ ഞാനും എന്റെ വലിയ ഇഷ്ടനായ ശ്രീമാൻ ശൌനകനുമാണ്. (മഹർഷിയുടെ പേരൊന്ന് സൌകര്യത്തിൽ കിട്ടുമ്പോളും, വേറും മൃഗവിശേഷവാചിയായ ശുനകൻ എന്നു വിളിക്കുന്നത് അങ്ങോക്കിഷ്ടമില്ലെന്നു പറയുന്നു. ശുനകന്റെ മകനായതുകൊണ്ട് ശൌനകൻ എന്ന പേർ വ്യാകരണന്മാർ സമ്മതിക്കുകയും ചെയ്യണം.)

* * *

നിങ്ങളും അനാവശ്യമായി ചോദ്യം ചോദിക്കുന്ന സ്വഭാവക്കാരനാണെങ്കിൽ ശ്രീ: ശൌനകനെ ഞങ്ങളിൽപ്പെടുത്തിയാക്കിയതെന്തിനെന്നു ചോദിക്കുമായിരിക്കും. ഉത്തരം കേൾക്കുവിൻ:—ഒന്നാമത്, ശ്രീ: ശൌനകനെ കൂട്ടുപിടിക്കുന്നതിനാൽ 'എനിക്കു' തോന്നുന്നത് എഴുതുവാനും, 'ഞങ്ങളുടെ' പിന്നിൽ പോയൊളിക്കുവാനും എനിക്ക് ഏകകാലത്തിൽ സാധിക്കുന്നു; രണ്ടാമത്, ഞാൻ പറയുന്ന സംഗതികളെല്ലാം ഇത്ര പൂർണ്ണമായി, ഇത്ര ആഹ്ലാദത്തോടുകൂടി "വൺ

ബൈ വൺ'' വകവെച്ചു, വാലാട്ടൽ സമേതം, പാസ്സാക്കുവാൻ ഏതുകാലത്തും തയാറുള്ള വേറൊരു പ്രാണി ഇന്ത ഉലഹത്തിലേ കിടയാത്. അങ്ങിനെയൊരു ചങ്ങാതിയുണ്ടായാലേ!.....മനസ്സിന് എന്തു കുളിർമയാണ്! എന്തു തണുപ്പാണ്!

* * *

ഞാൻ ശൈനകനെ അടുത്തു വിളിച്ചിരുത്തി എന്റെ ലീഡർ, സാവധാനത്തിൽ, അക്ഷരവ്യക്തിയോടുകൂടി വായിക്കും. ഓരോ വാചകം അവസാനിക്കുന്നിടിക്കിൽ, ''അതെങ്ങിനെ?'' എന്നു ചോദിക്കും. ഞാൻ ചോദ്യം ചോദിക്കുവാൻ വായ തുറക്കുംമുമ്പ് അവൻ വാലാട്ടി ആനുകൂല്യം പ്രദർശിപ്പിക്കും. എന്നാലും സന്ദർഭഗൌരവം പ്രമാണിച്ച്, ഞാൻ ചോദിക്കാതെ വിടാറില്ല. അവന് സാമാന്യത്തിലധികം പിടിച്ച ലീഡറാണെങ്കിൽ, അവൻ, ഘടികാരത്തിന്റെ ആട്ടുവട്ടുപോലെ, ആദ്യന്തം, നിരന്തരം, വാലാട്ടിക്കൊണ്ടേയിരിക്കും നിങ്ങൾ എന്റെ ആകപ്പാടെയുള്ള സാധുത്തരം കണ്ട് വല്ല തോന്ന്യവാസത്തിന്നും ഒരുങ്ങുകയാണെങ്കിൽ, അവനെ നോക്കി ഞാൻ നിങ്ങളുടെ നേരെ അത്ഥഗർഭമായി ഒന്നു ചൂണ്ടും.....പിന്നെ നിങ്ങളായി, നിങ്ങളുടെ പാടായി! അതിന്നൊന്നും ഇടകൊടുക്കരുതേ!

എന്ന്, നിങ്ങളുടെ സ്വന്തം,

(ഒപ്പ്.) ഞാൻ.

* * *

## മദിരാശി ഗവമ്മേണ്ടും മദ്യവും.

എനി ഞങ്ങൾ എഴുതുന്നു. മദിരാശി ഗവമ്മേണ്ടിനെയും മദ്യത്തെയും പറ്റി ഞങ്ങൾ ചെറിയൊരു നിരൂപണം നടത്തുവാൻ ആലോചിക്കുന്നു.

മദ്യവും മദിരാശി ഗവമ്മേണ്ടും തമ്മിൽ എന്തു ബന്ധമാണുള്ളതെന്ന് നിങ്ങൾ ചോദിക്കുന്നപക്ഷം, ''മദ്യം'' എന്ന വാക്കിന്നും ''മദിരാ'' എന്ന പയ്യായഭേദമുണ്ടെന്നു ഞങ്ങൾ ഉണത്തിക്കും. ഇപ്പോൾ ഇവ രണ്ടും തമ്മിലുള്ള ബന്ധം എല്ലാവക്കും മനസ്സിലായെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. (ഞങ്ങളുടെ പ്രത്യാശയോടാണ് യാതൊരെതിരുമില്ലാത്തത്. ഇടയ്ക്ക് ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യും.)

ശരി: അതങ്ങിനെ അവിടെ നില്ക്കട്ടെ. മദിരാശി ഗവമ്മേണ്ടെന്നു പറഞ്ഞാൽ മദിരയെ അശിക്കുന്ന ഗവമ്മേണ്ടെന്നാണ് അത്ഥമെന്ന് വ്യാകരണക്കാർ പറഞ്ഞുതരും. പക്ഷെ ഇവിടെ ഒരു വൈഷമ്യം വരുന്നു: ഗവമ്മേണ്ടെന്നു പറഞ്ഞാൽ ഒരു വ്യക്തിയല്ല, ഒരു സ്ഥാപനമാണ്; അതിന്ന് മദിരയെ എന്നല്ല, വെറും പച്ചവെള്ളത്തെപ്പോലും അശിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഇതിന്ന് വേറെ വിധത്തിൽ അത്ഥകല്പന ചെയ്യണം: മദ്യത്തിൽനിന്നുണ്ടാകുന്ന നികുതിവരവിനെ വർഷംപ്രതി ഭക്ഷിക്കുന്ന ഒരു സ്ഥാപനമാണ് മദിരാശി ഗവമ്മേണ്ടെന്ന് വ്യാഖ്യാനിക്കണം: ഞങ്ങൾ അങ്ങിനെ വ്യാഖ്യാനിക്കുന്നു.

ഈ വൃത്തപത്തി തെറ്റാണെന്ന് തെളിയിക്കുവാൻ എല്ലാ പണ്ഡിതന്മാരെയും, ഇതിന്റെ വ്യാഖ്യാനം വാസ്തവവിരുദ്ധമാണെന്ന് തെളിയിക്കുവാൻ ബഹു: മി: കുമാരസ്വാമിറെഡ്ഡിയാരെയും ഞങ്ങൾ വണക്കത്തോടുകൂടിയെങ്കിലും വാശിയോടുകൂടി "ചാലഞ്ച്" ചെയ്യുന്നു.

ആ സ്ഥിതിക്ക്, പേർ വഴിയായിട്ടുകൂടിയുള്ള ഈ ബന്ധത്തെ മഹിരാശി ഗവമേണ്ടു വിസ്മരിക്കാൻ പാടില്ല. ഇതും, ഇങ്ങിനെ പലതും, ഓർത്തിട്ടുതന്നെയായിരിക്കണം മഹിരാശി ഗവമേണ്ടിന്റെ മദ്യകായ്വുവിചാരിപ്പുകാരനായ ബഹു: മി: കുമാരസ്വാമി റെഡ്യാർ മദ്യവർജ്ജനം നടപ്പിൽ വരുത്തുന്ന കായ്ത്തിൽ ഇരുയധികം വൈമനസ്യം കാണിക്കുന്നത്.

അദ്ദേഹം പറഞ്ഞതു് നിങ്ങൾക്കു് കേൾക്കണോ? മദ്യവർജനം പെട്ടെന്നു നടപ്പാക്കിയാൽ പലേ അനിഷ്ടകരങ്ങളായ സമാധാനവിപ്ലവങ്ങളും നാട്ടിലുണ്ടാകുംപോൽ! നിങ്ങൾ കേൾക്കണേ! അമേരിക്ക എന്നു പറഞ്ഞാൽ ആണു്, പെണ്ണു് ഒരുപോലെ മദ്യം കഴിക്കുന്നതിൽ വലിയ വൈമുഖ്യം കാണിക്കാത്ത ഒരു നാടായിരുന്നു: അവിടത്തെ ശാപ്പാടിന്റെ ഒരു ഭാഗം തന്നെ മദ്യമായിരുന്നു. അങ്ങിനെയുള്ള ഒരു രാജ്യത്ത് പെട്ടെന്നു് മദ്യനിരോധം നിയമമാക്കി. ഫ്രഞ്ചു വിപ്ലവംപോലെ, റഷ്യൻ വിപ്ലവംപോലെ, ഭയങ്കരമായ ഒരു വിപ്ലവം നടന്നു് എത്ര ആയിരം അമേരിക്കക്കാരാണ് തുലഞ്ഞതു്!— അല്ലേ, ബഹു: മി: റെഡ്ഡ്യാരേ?

ഇന്ത്യയിലെ കഥ എടുക്കുകയാണെങ്കിൽ, കുടി നന്നെന്നു എല്ലാ കുടിയന്മാർ പോലും വാദിക്കുവാൻ ഒരുക്കമില്ലാത്ത ഒരു നാടാണിതു്. "ഒന്നു രണ്ടു ചിരട്ട കുടിപ്പോളം—അച്ചനുണ്ടോ വരുന്നെന്നു" നോക്കാത്ത ഒരു കുടിയൻ ഇന്നാട്ടിലുണ്ടെങ്കിൽ, ആ കുടിയന്റെ അച്ഛൻ അടുത്തെങ്ങുമില്ലെന്നും, അടുത്തൊന്നും വരാനിടയില്ലെന്നും മാത്രമെ അർത്ഥമുള്ളു. അച്ഛനും മകനും ഒരുമിച്ചിരുന്നു കുടിക്കുന്ന മഹാവേദാന്തികളുടെ നാടിനെ ഞങ്ങൾ സാമാന്യനിയമത്തിന്നു് ഒരപവാദമായി മാത്രം കരുതി വേറെ നിർത്തിയിരിക്കയാണു്.

തുഞ്ചത്താചാര്യൻ മദ്യം കഴിച്ചിരുന്നുവെന്നു്, പാരമ്പര്യമായിറങ്ങിവന്ന, ഒരു വിശ്വാസം വെളിയിൽ പറഞ്ഞതുകൊണ്ടു് മഹാകവി വള്ളത്തോൾ ക്ഷോഭിച്ചു. പക്ഷെ, അമേരിക്കയിൽവെച്ചു് മാർക്ക് ടെയിൻ മദ്യം കഴിച്ചിരുന്നുവെന്നു് പറയുന്ന ആളുകളുടെ നേരെ പ്രസിഡണ്ടു് റൂസ്വെൽട്ടു് പാഞ്ഞു കയറുമോ? ഞങ്ങൾക്കു തോന്നുന്നില്ല. അങ്ങിനെ ചെയ്താൽ അമേരിക്കക്കാരെല്ലാംകൂടി പ്രസിഡണ്ടു് റൂസ്വെൽട്ടിനെ കാഴ്ചബങ്കളാവിൽ കൊണ്ടുപോയി വെക്കും.

അങ്ങിനെ മദ്യം പ്രാണവായുപോലെ ആയിത്തീർന്ന ഒരു നാട്ടിൽ മദ്യനിരോധം നടപ്പാക്കിയപ്പോൾ സംഭവിച്ച വിപ്ലവം ഹേതുവായി അമേരിക്കാഭൂഖണ്ഡംതന്നെ അത്ലാന്തിക്ക് സമുദ്രത്തിലാണ്ടുപോയി! ഇല്ലേ, ബഹു: മി: റെഡ്ഡ്യാരേ?

അദ്ദേഹം പറഞ്ഞതു നേരല്ലേ? ആ സ്ഥിതിക്ക്, മദ്യപായികളിൽ പകുതി പോലും മദ്യത്തെ വിഷമായിക്കരുതുന്ന ഇന്നാട്ടിൽ മദ്യനിരോധമെങ്ങാൻ പാസ്സായിപ്പോയെങ്കിൽ പിന്നെ ലെജിസ്ലേറ്റീവ് കൌൺസിലുണ്ടോ? മദിരാശിയുണ്ടോ? ഇന്ത്യയുണ്ടോ? നിങ്ങളുണ്ടോ? ഞങ്ങളുണ്ടോ? എന്തെങ്കിലും, അതെങ്കിലുമുണ്ടോ? ബഹു: മി: റെഡ്ഢ്യാരെ, ഇങ്ങിനെയൊരു ബുദ്ധിപൂർവമായ മൊഴി ആ തുച്ചുണ്ടുകളിൽനിന്നല്ലാതെ ഈയെടെയൊന്നും വെളിക്കിറങ്ങീട്ടില്ല. ഈശ്വര! അടുത്ത തിരഞ്ഞെടുപ്പുസമയത്ത് എല്ലാ വോട്ടർമാരും അങ്ങേയ്ക്കു വേണ്ടി വോട്ടു ചെയ്യുവാൻ അഹമഹമികയാ സസംഭ്രമം തിക്കിത്തിരക്കി പോളിങ്ങ് ബൂത്തിലേക്ക് ആയിരക്കണക്കായി അടിച്ചു കയറുന്നത് കാൺവാൻ ഞങ്ങൾക്ക് സാധിക്കണേ! എന്ന് ഞങ്ങൾ വീണ്ടും വീണ്ടും പടച്ചവനോട് പ്രാർത്ഥിയ്ക്കുന്നു. ബോബിലിരാജാവേ!.....തിരുമേനി!.....അങ്ങയുടെ മന്ത്രിസഭ! അങ്ങയുടെ ആ "പാർട്ടി" നേടിയ പുണ്യം!!

* * *

## "കേട്ടീലയോ കിഞ്ചന വർത്തമാനം?"

നിങ്ങൾ കേട്ടില്ലേ? നിങ്ങൾ എന്നിയും കേട്ടില്ലെന്നോ?.....

ആകാശത്തിലെ ഗ്രഹനക്ഷത്രാദികൾ മുന്നോട്ട കാൽനീങ്ങാതെ സ്തംഭിച്ചു നില്ക്കുന്നതു നിങ്ങൾ കാണുന്നില്ലേ? കടപ്പുറത്തു പോയാൽ തിരയടിയില്ലാതെ കടൽ വീപ്പ്ടക്കി കിടക്കുന്നതു നിങ്ങൾ സൂക്ഷിച്ചില്ലേ? മരത്തിന്മേൽ ഇലയനങ്ങുന്നില്ലെന്നുള്ളത് നിങ്ങളുടെ ആലോകപദ്ധതിയിലെത്തിയില്ലേ? നിരത്തിന്മേൽ ട്രാഫിക്ക് നിയന്ത്രിക്കുന്ന പോലീസ്സുകാരന്റെ കൈ അത്ഭുതത്താൽ, ആശങ്കയാൽ, പൊങ്ങിയേടത്തു നിൽക്കുന്നു! മനുഷ്യർ, ഏതോ ഒരു അത്യാശ്ചര്യത്തിന്റെ അടി മൂർദ്ധാവിൽ കൊണ്ടതുപോലെ, അന്യോന്യം നോക്കാതെ, സംസാരിക്കാതെ, തലതാഴ്ത്തി, നിരത്തുകളിൽക്കൂടി, ഇഴഞ്ഞു പോകുന്നു!

കാരണം? ഹാ, അതാണ് 'നിങ്ങൾ കേട്ടില്ലേ?' എന്ന് ഞങ്ങൾ ആദ്യമേ ചോദിച്ചത്. എനി വരുന്ന വൈസ്രോയി ഇന്ത്യയിലെത്തിയാൽ മഹാത്മാഗാന്ധിയെക്കണ്ടു സംസാരിക്കുമെന്ന് ഒരു വാർത്ത "ഹിന്ദുസ്ഥാൻ ടൈംസ്" പത്രം പ്രസിദ്ധപ്പെടുത്തിയതായി ഇന്ത്യാഗവമേണ്ടു അറിയുന്നു! ഈ വാർത്ത വ്യാജമാണെന്ന് ഇന്ത്യാഗവമേണ്ടു അനേഷണത്തിൽ മനസ്സിലാക്കിയിരിക്കുന്നു!

ഇന്ത്യയിൽ ഒരു പ്രസ്സാക്ട്ടുള്ളതിനെക്കുറിച്ച് ആളുകൾ ആവലാതിപ്പെടുന്നു. എന്തിന്? ഈ മാതിരി, ലോകത്തെ അടിമറിക്കുവാൻ പര്യാപ്തമായ വാർത്തകൾ പ്രചരിക്കുന്ന രാജ്യത്തിൽ ഒരു പ്രസ്സാക്ട് പോര; വല്ല നിവൃത്തിയുമുണ്ടെങ്കിൽ, ഒരു പത്തോ ഇരുപതോ പ്രസ്സാക്ട് തന്നെ വേണം; അടിയന്തരമായി വേണം.

"ഹിന്ദുസ്ഥാൻ ടൈംസി"ൽ ഈ വിവരം കണ്ടപ്പോൾ ഇംപീരിയൽ സിക്രട്ടെരിയറ്റ് അസ്സിവാരം മുതൽ മോന്താ

യം വരെ ഒന്നു ഞെട്ടിവിറച്ചു. വൈസ്രോയിയോ? എനി വരുന്ന വൈസ്രോയിയോ? ഗാന്ധിയേയോ? കാണുമെന്നോ? സംസാരിക്കുമെന്നോ? എന്തൊക്കെയാണ് ലോകത്തിൽ സംഭവിക്കുക? ചീഫ് സിക്രട്ടരിമാർ കടലാസ്സുകളുടെ അടിയിൽ തുക്കെവിളയാടുവാൻ കഴിയാതെ പേന കയ്യിൽ പിടിച്ച് മച്ചു നോക്കി മിഴിച്ചു. സർ എൻ. എൻ. സക്കാർ ഇതികർത്തവ്യതാമൂഢനായി മുറിയിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു. സർ ജെയിംസ് ഗ്രിഗ്ഗ് പെട്ടെന്നുണ്ടായ അത്ഭുതത്താൽ, ഒന്നേകാലണ മുദ്ര പതിക്കേണ്ട ഒരെഴുത്തിന്മേൽ ഒരണ മുദ്ര മാത്രം പതിച്ചു തപാലിലിടുവാൻ അയച്ചു. ബോബിലി രാജാവ് ഇംഗ്ലണ്ടിലേക്കു കപ്പൽ കയറുവാൻ തീച്ചപ്പെടുത്തി.

."അഥവാ.....ഒരു സമയം..... എന്തെല്ലാം അപ്രതീക്ഷിതസംഭവങ്ങൾ ലോകത്തിൽ ഉണ്ടാകുന്നു?....." എന്നൊക്കെ വിചാരിച്ച് ഇന്ത്യാഗവമ്മേണ്ടു വൈറ്റ്ഹാളിലേക്ക് കമ്പിയടിച്ചു: "കേട്ട വിവരം ശരിയായിരിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം. എങ്കിലും ഔദ്യോഗികമായി പറഞ്ഞു കേൾക്കണം!" എന്നായിരുന്നു കമ്പിയുടെ ഒടുക്കത്തെ വാചകങ്ങളെന്ന് ഞങ്ങളുടെ സ്റ്റാഫിൽ ഒരാൾ പറയുന്നത് വെറും ഊഹം മാത്രമായതുകൊണ്ട് ഞങ്ങൾ അതു വിശ്വസിക്കുന്നില്ല.

പക്ഷെ കമ്പിയടിച്ചതിനേക്കാഷിച്ചത് പരമാർത്ഥമാണ്. "ഛീ; അബദ്ധം! വൈസ്രോയിയോ? ഗാന്ധിയേയോ? ആരു പറഞ്ഞു? ഉടനെ നിഷേധിക്കുക!" എന്നോ, ആ അർത്ഥം വരുന്ന വാക്കുകളോ വൈറ്റ്ഹാളിൽനിന്നു കമ്പിമാർഗ്ഗമായി എത്തി.

ആവു! ന്യൂഡെല്ലിയിൽ ലൌകികവ്യാപാരങ്ങൾ 'നോർമലാ'യി. കാറോടിക്കുവാൻ തുടങ്ങി. അറബിക്കടലും ബങ്കാളഉൾക്കടലും ഹിന്ദുസമുദ്രത്തിൽവെച്ച് പരസ്പരം ആലിംഗനം ചെയ്തു, ഈ വാർത്ത അസത്യമെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. സർ ജെയിംസ് ഗ്രിഗ്ഗ് ക്ലാലി ചുമത്തപ്പെട്ട എഴുത്തിന്റെ മേൽവിലാസക്കാരന്ന് "ക്ഷമാപണം" എന്ന തലക്കെട്ടോടുകൂടി ഒരു ചെറിയ കവിത എഴുതി അയച്ചു. സർ എൻ. എൻ. സക്കാർ വീണ്ടും ആസനസ്ഥനായി, പകുതിയെഴുതി നിർത്തിയിരുന്ന "രക്ഷാവ്യവസ്ഥകളുടെ ആവശ്യകത" എന്ന ഗംഭീരോപന്യാസത്തെ ഒരൊറ്റ വീപ്പിൽ മുഴുമിച്ചു. സിക്രട്ടറിയറ്റുകളിലെ ഗുമസ്താക്കൾ എഴുത്തു തുടർന്നു. ട്രാഫിക്ക് നിയന്ത്രിക്കുന്ന പോലീസ്സുകാരന്റെ കൈ, തീവണ്ടി വരുമ്പോൾ ആപ്പീസ്സിന്നടുത്തു പൊങ്ങിനിൽക്കുന്ന മരക്കൈ വീഴുമ്പോലെ വീണു! "കലുഷം പ്രസന്നമായ്, കാലമതുമാറി!"

ഈ വിവരം ഇന്ത്യാഗവമ്മേണ്ടിൽനിന്ന് അസോഷ്യേറ്റഡ്പ്രസ് ആദ്യം അറിഞ്ഞു. അവർ ഇന്ത്യയിലുള്ള എല്ലാ പത്രക്കാരെയും അറിയിച്ചു. "കേട്ടത്" കളവാണ്. പുതിയ വൈസ്രോയി പഴയ ഗാന്ധിയെ കാണുവാൻ ആലോചിച്ചിട്ടില്ല. കാണണമെന്ന് അദ്ദേഹത്തി

ന്നു് തോന്നീട്ടില്ല. കണ്ടാൽ നന്നെന്ന് അദ്ദേഹത്തോടു് ബ്രി. ഗവമ്മേണ്ടോ, ഇ. ഗവമ്മേണ്ടോ പറഞ്ഞിട്ടില്ല. പറയാൻ വിചാരിക്കുന്നില്ല. അങ്ങിനെയൊരു ക്രൂടിക്കാഴ്ച നടത്തുവാൻ യാതൊരു ഏപ്പാടോ, ആലോചനയോ, പ്രമേയമോ, നിർദ്ദേശമോ, ഉപദേശമോ, അഭിപ്രായമോ, പ്രത്യാശയോ, പ്രതീക്ഷയോ, ആശങ്കയോ, സപ്നമോ, ഇന്ത്യയിലോ ബ്രിട്ടനിലോ ഉള്ള ഔദ്യോഗികമണ്ഡലങ്ങളിൽ അവതരിക്കുകയോ, ജനിക്കുകയോ, ഉദ്ഭവിക്കുകയോ, ഉണ്ടായിട്ടില്ല. ഇല്ലവേ ഇല്ല!!" എന്നത്ഥം വരുന്ന നിഷേധക്കുറിപ്പുകൾ വൃത്താന്തപത്രപംക്തികളിലൂടെ വടക്ക് ബദര്യാശ്രമം മുതൽ തെക്ക് കന്യാകുമാരി വരെയും, പടിഞ്ഞാറ് കൊറാച്ചി മുതൽ കിഴക്ക് മണിപുരം വരെയും, ഔദ്യോഗികകേന്ദ്രങ്ങളെ സുശീതളമായ ഒരു ആനന്ദധാരയിൽ കുളിപ്പിച്ചുകൊണ്ട്, വ്യാപിച്ചു.

ഈ സന്തോഷവാർത്ത ഞങ്ങളുടെ ആപ്പീസ്സിൽ എത്തിയപ്പോൾ, "അതെങ്ങിനെ?" എന്ന് പാറപ്പുറത്തു് സഞ്ജയൻ ചീഫ് അസിസ്റ്റാണ്ട് എഡിറ്ററോട് ചോദിച്ചു: ചീഫ് അസിസ്റ്റാണ്ട് എഡിറ്റർ, രണ്ടു പ്രാവശ്യം പതുക്കെ വാലാട്ടി, മുൻകാലു നീട്ടി, മൂക്ക് നഖം തൊടുന്ന രീതിയിൽ മുന്നോട്ടു വലിഞ്ഞുമന്ന്, തന്റെ ബോസ്സിനെ (നിയമദൃഷ്ടിയിലുള്ള പരമാധിപരെയല്ല; കേ. പ. പ. മുഷിയേണ്ട!) നോക്കി കണ്ണടച്ചു.

ഈ ലക്ഷ്യത്തിലേക്ക് വേണ്ടി എനിയാതൊരു സംഗതിയെക്കുറിച്ചും അവന്റെ അഭിപ്രായം കിട്ടുവാനിടയില്ലാത്തതിനാൽ ഞങ്ങൾ തൽക്കാലത്തേക്ക് ഇവിടെ വിരമിക്കുന്നു.

---

മഹാത്മാ ഗാന്ധി ലക്നോ കോൺഗ്രസ്സു മഹായോഗത്തിൽ സംബന്ധിയ്ക്കുമോ? എന്ന പ്രശ്നത്തിന്നു് രണ്ടുത്തരങ്ങളും മാറി മാറി അനേകം തവണ കടലാസ്സുകളിൽ കണ്ടതിന്റെ ഫലമായി, ഗാന്ധിജി യോഗത്തിൽ സന്നിഹിതനാകുവാൻ തീച്ചപ്പെടുത്തീട്ടുണ്ടെങ്കിൽ, ലക്നോവിലേക്ക് പുറപ്പെടുമെന്ന കാര്യം ഏതാണ്ട് തീച്ചയായിരിക്കുന്നു.

* * * *

"ശ്രീമതി" വിശേഷാൽ പ്രതിയിൽ ചേർത്തിരിക്കുന്ന പുരുഷന്മാരുടെ ചിത്രങ്ങളിൽ പലതും, ദൂരെ നിന്നു് നോക്കിയാൽ, സ്ത്രീകളുടെതാണെന്നു് തോന്നുമെന്ന് ചില സ്ത്രീകൾ ആവലാതിപ്പെട്ടിരിക്കുന്നു.

ഇതിന്നൊതിരായി, അതിൽത്തന്നെയുള്ള ചില സ്ത്രീകളുടെ ചിത്രങ്ങൾ, അടുത്തുനിന്നു് നോക്കിയാലും പുരുഷന്മാരുടെതാണെന്നു് തോന്നുമെന്ന ഒരാക്ഷേപം പുരുഷന്മാരും പുറപ്പെടുവിക്കുവാനിടയുണ്ടെണ് ഊഹിയ്ക്കപ്പെട്ടിരിക്കുന്നു.

* * * *

ഇറാലിയും എത്യോപ്യയും തമ്മിൽ, മുസ്സോ. ഫ്ളന്തീനിന്റെ പരിശ്രമഫലമായി, സന്ധിസംസാരം നടക്കുന്നുണ്ടെന്ന് റോയിറ്റർ അറിയിക്കുന്നു.

സീനോർ നാരദന്റെ പരിശ്രമഫലമായി ഫ്രാൻസും ജർമ്മനിയും തമ്മിൽ ഒരു യുദ്ധസംസാരം നടക്കുന്നുണ്ടെന്ന് മു: ഫ്ളന്തീൻ സമ്മതിച്ചതായി റോയിറ്റർ അറിയിക്കുന്നില്ല.

---

# കീശമാഹാത്മ്യം.

കീശമാഹാത്മ്യമെന്ന് കേൾക്കുമ്പോൾ, മഹാകവി ഉള്ളൂരിന്റെ സുപ്രസിദ്ധമായ 'കീശസന്ദേശ'വും, എഴുത്തച്ഛന്റെ രാമായണതർജമയും വായിച്ചിട്ടുള്ള വായനക്കാർ, പെട്ടെന്ന്, ഞാൻ കീശന്റെ (കുരങ്ങിന്റെ) മാഹാത്മ്യമാണ് എഴുതുവാൻ പോകുന്നതെന്നും, ഈയെടെ കണ്ടുകിട്ടിയെന്നു പറയപ്പെടുന്ന രാവണമഹാരാജാവിന്റെ "ഡയറി"യും ഈ ലേഖവും തമ്മിൽ എന്തോ ബന്ധമുണ്ടായിരിക്കുവാൻ ഇടയുണ്ടെന്നും, വിചാരിച്ചേക്കാം. അങ്ങിനെ അവർ വിചാരിച്ചിട്ടുണ്ടെങ്കിൽ, ആ വിചാരം മഹാ, മഹാ അബദ്ധമാണെന്ന് അവരെ ഞാൻ അറിയിക്കുന്നു.

ഞാൻ എഴുതുവാൻ പോകുന്നത് കീശന്റെ മാഹാത്മ്യമല്ല, കീശയുടെ മാഹാത്മ്യമാണ്.

എന്റെ കീശയിലുണ്ടായിരുന്നതും, അച്ചു മുഴുവൻ തീരെ മാഞ്ഞുപോയിരുന്നതിനാൽ സകല ഭിക്കിൽനിന്നും വഴിക്കുവഴിയായും, ചിലേടത്തുനിന്ന് ശകാരസമേതവും, തിരിച്ചു വന്നിരുന്നതുമായ, ഒടുക്കത്തെ ഉരുത്തു മുക്കാൽ ധമ്മവിഷയമായി ചെലവാക്കിയതിന്നു ശേഷമാണ്, ഞാൻ എന്റെ ഒഴിഞ്ഞ കീശയിൽ കയ്യിട്ട് കീശയെപ്പറ്റി ഒരാലോചനനടത്തിയത്. അന്നെത്തെ ആ നീണ്ട ആലോചനയുടെ സന്തതിയാണ് ഇന്നെത്തെ ഈ ചെറുലേഖം.

ഞാൻ ഇങ്ങിനെ വിചാരിച്ചു: കീശ! കീശ! ഹാ, അതിന്റെ സൌന്ദര്യം! അതിനെക്കൊണ്ടുള്ള ആവശ്യം! അതിന്റെ വിശ്വസ്തത! അതിന്റെ പെരുമാറ്റം! ഇങ്ങിനെ പലതും, ആശ്ചര്യചിഹ്നസമേതം, എന്റെ തലച്ചോറിൽ തുള്ളിക്കളിച്ചു.

ഇംഗ്ലീഷിൽ 'പോക്കറ്റ്' എന്നും, പാർസിയിൽ 'കീസ' എന്നും, അറബിയിൽ 'ജേബ്' എന്നും, തമിഴിൽ 'കീശൈ' എന്നും, നാടൻഭാഷയിൽ 'കാപ്പ്' എന്നും 'കീശ'യെ പലരും പലവിധത്തിൽ വിളിച്ചുവരുന്നുണ്ടെങ്കിലും, പടച്ചവൻ, ദൈവം, കർത്താവ്, പരമാത്മാ, സർവ്വശക്തൻ എന്ന പേരുകളെപ്പോലെ, ഇവയൊക്കെ ഒരേ ഒരു വസ്തുവെ, അല്ലെങ്കിൽ, വിഷയത്തെ, ആണ് നിർദ്ദേശിക്കുന്നത്. കീശക്ക് പല ഉൾപിരിവുകളും ഉണ്ട്. അവയിൽ വാച്ചു കീശ, അടിക്കീശ, താഴെക്കീശ, മീതെ കീശ, ടിക്കറ്റ് കീശ ഇവ പ്രധാനപ്പെട്ടവയാണ്.

കീശയുടെ ജനനം ഏതു കാലത്താണെന്നോ, എവിടെ വെച്ചാണെന്നോ ആരും ശരിയായി രേഖപ്പെടുത്തീട്ടില്ല. ഗവേഷകന്മാരാകട്ടെ, ഇതിനെപ്പറ്റി വാദിച്ച് ഏതാണ്ട് അടിയോടടുത്തിരിക്കുന്നു.

വാസ്കോഡി ഗാമ കുരുമുളകു സാമ്പ്രാം കൊണ്ടുപോകുവാനായി ഒരു ഉപകരണം ഉണ്ടാക്കിയതാണ് കീശ എന്നും, അയാൾ അത് ഇന്ത്യയിൽ കൊണ്ടുവന്ന്, കുട്ടികൾ വരുത്ത കടലക്ക സൂക്ഷിക്കു

മ്പോലെ, മുളകിന്റെ പലവിധ സാമ്പിളുകളും പല കീശകളിലും നിറച്ച് പോർത്തുഗലിലേക്ക് കപ്പൽ കയറി എന്നും, ഈ പുതിയ കണ്ടുപിടുത്തം ഇന്ത്യയിലേക്കുള്ള സാമുദ്രികമാർഗ്ഗത്തിന്റെ കണ്ടുപിടുത്തത്തെപ്പോലെ ഒച്ചപ്പാടോടുക്രടിയല്ലെങ്കിലും, അതിനെക്കാൾ സാർവത്രികമായി പാശ്ചാത്യരാഷ്ട്രങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചുവെന്നും, അങ്ങിനെയാണ് കീശോല്പത്തിയെന്നും ഒരു പോർത്തുഗീസുകാരൻ പറഞ്ഞതായി കേൾവിയുണ്ട്. പക്ഷെ ഞാനിതു വിശ്വസിക്കുന്നില്ല. കീശയുടെ ജനനം അതിലും പൌരാണികമാണെന്ന് എനിക്ക് ബലമായ അഭിപ്രായമുണ്ട്. [എനിക്കും!—പി. എസ്സ്.]

കീശയെപ്പറ്റി മറെറാരു അഭിപ്രായമുള്ളത് ഇപ്രകാരമാണ്.

കീശ, കേശം, മീശ ഇവ ഒരേ കാലത്ത് ജനിച്ചതാണെന്നും, തന്നിമിത്തമാണ് ഇവ 'ശ'കാര പയ്യവസായികളായിത്തീർന്നതെന്നും, ബ്രഹ്മാവ് വൈവസ്വതമനുവിനെ സൃഷ്ടിച്ച സമയത്തുതന്നെ കീശയെയും സൃഷ്ടിച്ചിരുന്നുവെന്ന് ഇതിൽനിന്ന് അനുമാനിക്കാമെന്നും, കീശ, പല രൂപങ്ങളിലും, പലേ പേരുകളോടുക്രടിയും യുഗാന്തരങ്ങളിലൂടെ വർത്തിച്ചിട്ടുണ്ടെന്നും, 'ശ'കാരപുരാണകർത്താവ് പറയുന്നുണ്ട്.

ജാതി, മത, ദേശ, ഭാഷാ, വർഗ്ഗ, ലിംഗ വ്യത്യാസമില്ലാതെ എല്ലാവരുടെയും ഏതുകാലത്തുമുള്ള സപ്രേമലാളനയ്ക്കും ബഹുമാനത്തിനും പാത്രീഭവിച്ച ഒരുവൾ ഇന്നു ഈ ഭൂലോകത്തിൽ ഉണ്ടെങ്കിൽ അവൾ മിസ്സ് കീശ മാത്രമാണ്. ദേശസേവകന്മാരുടെ പാശ്ചങ്ങളിലും അവരെ വെറുക്കുന്നവരുടെ മുൻവശത്തും കീശ സുസ്മേരവദനയായി സ്ഥിതിചെയ്യുന്നതിൽനിന്ന് തന്നെ ഈ സംഗതി വ്യക്തമാകുന്നുണ്ട്.

ഈ കാലത്ത് മിക്ക കീശകളും ഗർഭിണികളാകുന്നത് ഇംഗ്ലീഷുമാസം 1-ം 2-ം തീയ്യതികളിലായിരിക്കും. പ്രസവമാകട്ടെ, പല കീശകൾക്കും പലേ സന്ദർഭങ്ങളിലായിരിക്കുകയും ചെയ്യും.

പരിഷ്കാരിയുടെ കീശക്ക് പട്ടിണിയും അപരിഷ്കൃതന്റെ കീശക്ക് അജീർണ്ണവുമായിരിക്കും മരണകാലത്തെ രോഗഹേതുക്കൾ എന്ന് ഒരു വൈദ്യവിശാരദൻ പ്രസ്താവിച്ചിരിക്കുന്നു.

കീശയുടെ നേരെ കണ്ണുവെച്ച്, കീശേശന്റെ പേരിൽ പ്രണയം നടിക്കുന്ന സുകേശിനികളും, കീശ മെലിയുന്നതുവരെ താളംപറഞ്ഞു പിന്നാലെ നടന്ന്, പിന്നീട്, കാലിയായ കീശയുടെ ഉടമസ്ഥനെ കണ്ട ഭാവംക്രടി നടിക്കാത്ത പരമമിത്രങ്ങളും, കീശയെ കനപ്പിക്കുവാൻ ഏതു കഠിനകൃത്യവും ചെയ്യാൻ മടിക്കാത്ത പുരുഷന്മാരും, ആരാന്റെ കീശയിൽ കയ്യിടുവാൻ തഞ്ചം നോക്കി നടക്കുന്ന പരകീശപ്രവേശതന്ത്രപടുക്കളും, യഥാർത്ഥമായി കീശയെ അവമാനിക്കുന്നവരെങ്കിലും, അതിന്റെ മാഹാത്മ്യത്തിനു സാക്ഷ്യം വഹിക്കുന്നവരാണ്.

സ്ത്രീകൾക്ക് ബാഹ്യമായി കീശയോട് പ്രതിപത്തിയില്ലെങ്കിലും ആന്തരമാ

യി കീശയെ അധികം സ്നേഹിക്കുന്നത് സ്ത്രീകളാണ് എന്ന സംഗതി പരക്കെ അറിവുള്ള ഒരു പരമാർത്ഥമാണ്. ഭർത്താവിനെക്കാൾ ഭർത്തൃകീശയെ അധികം സ്നേഹിക്കുന്ന വനിതകളെ ലോകത്തിൽ ലക്ഷക്കണക്കായി കാണാം.

രാജമുദ്രയുള്ള നാണ്യങ്ങളും, പെണ്മാൻകണ്ണികളുടെ "ചുണ്ടോപ്പോട്ട"ക്രുടിയ പ്രേമലേഖങ്ങളും, മറ്റ് പ്രധാനവസ്തുക്കളും സൂക്ഷിക്കേണ്ടുന്ന കീശയെക്കൊണ്ട്, ചിലർ വെണ്ടക്ക, വഴുതിനിങ്ങ, ഉണക്കമത്സ്യം മുതലായവ ചുമപ്പിക്കുന്നതിനെപ്പറ്റി കീശക്കുള്ള പ്രതിഷേധത്തെ രേഖപ്പെടുത്തുവാൻ വേണ്ടി കൊല്ലത്തിൽ ഒരു ദിവസം "കീശാദിന"മായി കൊണ്ടാടേണ്ടതാണെന്നും, ആ ദിവസം എല്ലാ സ്ഥലങ്ങളിലെ കീശകളും പ്രത്യേകം പ്രത്യേകമായി പൊതുയോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതാണെന്നും, ഈയ്യിടെ കീശാസംഘം സിക്രട്ടെരി പ്രസ്താവിച്ചിരിക്കുന്നു. പക്ഷെ എന്തു നിറച്ചാലും "നല്ലാകാരമതിന്നലംകരണമാമെല്ലാ പദാർത്ഥങ്ങളും" എന്ന പോലെ അത് കീശക്ക് ഒരു അലങ്കാരമായി പരിണമിക്കുകയേ ഉള്ളു എന്ന് കീശകൾ ആലോചിച്ച് അടങ്ങിയിരിക്കുകയായിരുന്നു നല്ലത്.

കീശയില്ലാത്തവക്ക് എത്രയൊ വിലപിടിച്ച സാധനങ്ങൾ കളഞ്ഞുകുളിക്കേണ്ടിവന്നിട്ടുണ്ടെന്ന് ചരിത്രം ഘോഷിച്ചാലും ഇല്ലെങ്കിലും അതു സർവ്വർക്കും അനുഭവമായ ഒരു സംഗതിയാണ്.

'കീശാബലം' ഇല്ലാത്തതുകൊണ്ടാണ് സ്ത്രീകൾ അബലകളായി തീർന്നത് എന്ന് ആരും ഇതുവരെ കണ്ടുപിടിച്ചിട്ടില്ലെങ്കിൽ, അത് അവരുടെ അനേഷണം ആ റോഡിൽക്കൂടി തിരിയാത്തതുകൊണ്ടു മാത്രമായിരിക്കും.

കീശയുടെ സ്വത്തുക്കളെപ്പറ്റി ആലോചിക്കുകയാണെങ്കിൽ കീശ പാപ്പരൊന്നുമല്ല. പോക്കറ്റുമാൽ, പോക്കറ്റ്വാച്ച്, പോക്കറ്റ്മണി ഇവ കീശയുടെ സ്വന്തസ്വത്തുക്കളാണ്. കീശയെ സൂക്ഷിക്കുവാൻവേണ്ടി റയിൽവെ കമ്പനികൾക്രുടി സ്വന്തം ചെലവിന്മേൽ പരസ്യം പതിച്ചിട്ടുള്ളത് എല്ലാ വണ്ടികളിലും കാണാം.

ആകപ്പാടെ നോക്കിയാൽ കീശ യോഗ്യയാണ്. കീശക്ക് ഘനമില്ലെങ്കിൽ പേടിക്രുടാതെ നടക്കാമെങ്കിലും, അവൻ കാശിനുപോലും പിടിയാത്തവനാണെന്ന് ആരും പറയും.

ചുരുക്കി പറയുകയാണെങ്കിൽ, ഒരു തമിഴൻ ഇന്ദ്രജിത്ത് തന്റെ പത്നിയായ തമിഴത്തി സുലോചനയോട് "നാൻ ഇന്ദ്രനെ ജയിത്ത് അടിമപ്പെടുത്തിനവനാനാലും ശരി; ഉനക്ക് നാൻ എപ്പോളുതും അടിമൈ താൻ" എന്നു പറഞ്ഞതുപോലെ, ലോകം മുഴുവനെ ജയിച്ച് അടിമപ്പെടുത്തിയാലും അതു കീശക്ക് എപ്പോഴും അടിമപ്പെട്ടതന്നെയിരിക്കും.

നകുലൻ.

സാഹിത്യ ഡിപ്പാർട്ടുമെണ്ട്.

## മഹാകവി പാച്ചോറി കണ്ടറമേനോൻ

[ഈ സാഹിത്യരംഗം വദ്വാന്മാരേയും പണ്ഡിതന്മാരേയും മാത്രം ഉദ്ദേശിച്ച് എഴുതപ്പെട്ടതാകയാൽ, ഈ രണ്ടിനത്തിൽപ്പെടാത്തവർ ഇതു വായിച്ചു മനസ്സിലാക്കുവാൻ കഷണ്ടിക്കേണ്ടിവന്നാൽ ആവലാതിപ്പെടരുതെന്ന് ആദ്യമേ അറിയിച്ചുകൊള്ളുന്നു.]

പരേതനായ പാച്ചോറി കണ്ടറമേനോൻ എന്റെ ഒരമ്മാമന്റെ മകളുടെ ഭർത്താവിന്റെ അച്ഛനായിരുന്നു. അതുകൊണ്ടു പറയുകയല്ല, അദ്ദേഹം ഒരു യഥാർത്ഥമഹാകവിയായിരുന്നു.

അദ്ദേഹം ലഘുകാവ്യങ്ങളും അനവധി യെഴുതീട്ടുണ്ട്; മഹാകാവ്യങ്ങളും ചിലതെഴുതീട്ടുണ്ടായിരിക്കണമെന്ന് ഉൗഹിയ്ക്കപ്പെട്ടിരിക്കുന്നു. ഒറ്റ ശ്ലോകങ്ങളും അദ്ദേഹം തൽക്ഷണം ഉണ്ടാക്കിച്ചൊല്ലുകയല്ലാതെ, പകർത്തെടുക്കുന്ന പതിവേയില്ല. പക്ഷെ—ഹാ, കൈരളിയുടെ ദുർദ്ദശ എന്നു തീർത്താൽത്തീരും?—ആ മഹാകാവ്യങ്ങളും മുഴുവനും സഹൃദയശിരോമണികളായ ചിതലുകൾ ഭക്ഷിച്ചു നിർവൃതിയടഞ്ഞിരിക്കുന്നു; ലഘുകാവ്യങ്ങൾ മരണത്തിന്നു തലേദിവസമുള്ള അങ്ങോരുടെ പ്രത്യേകാജ്ഞപ്രകാരം ബുദ്ധിശൂന്യന്മാരായ വീട്ടുകാർ തീയിലിട്ടു കരിച്ചു. ഇപ്പോൾ ബാക്കിയുള്ളത് അതിവൃദ്ധന്മാരായ ചില വയസ്യന്മാക്കല്ലാതെ മറ്റാർക്കും ഓർമ്മയില്ലാത്ത ഒറ്റ ശ്ലോകങ്ങളാണ്. അവർക്കുതന്നെ മുഴുവൻ തോന്നുകയുമില്ല. തോന്നുന്ന ഭാഗങ്ങൾ അപണ്ഡിതന്മാർ, ആദ്യപാഠം മറന്നുപോയ ഘട്ടങ്ങളിൽ, വൃത്താദിനിയമങ്ങളെ ലംഘിച്ച് പല ദേശ്യപദങ്ങളും കൂട്ടിച്ചേർത്തുണ്ടാക്കിയ പാഠഭേദങ്ങളാൽ അലങ്കോലപ്പെട്ടു കിടക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇന്നത്തെ വിമർശകലോകം ആദൃഷിച്ച പാഠാന്തരങ്ങൾ കേൾക്കുമ്പോൾ നെറ്റി ചുളിക്കുകയേ ഉള്ളൂ. പക്ഷെ അവയുടെ അടിയിൽ വെണ്ണീറിന്നടിയിലെ തിക്കട്ടപോലെ, തൊട്ടാൽ പൊള്ളുന്ന കാവ്യജീവൻ മങ്ങി പ്രകാശിക്കുന്നുണ്ട്.

ഉദാഹരണത്തിന്നായ് അപണ്ഡിതവർഗ്ഗത്തിൽനിന്ന് അപണ്ഡിതസ്മൃതിയിലേക്കും, മറിച്ചുമുള്ള നിരന്തരസംക്രമണത്താൽ, ശ്ലഥവൃത്തമായി, ഗ്രാമ്യപദസംകലിതമായി കിടക്കുന്നതെങ്കിലും, ആദ്യരൂപത്തിൽ അഭിരാമമായിരുന്നുവെന്ന് തന്നെ അനുമാനിക്കേണ്ടിയിരിക്കുന്ന ഒരൊറ്റ ശ്ലോകത്തെ താഴെ പകർത്തുന്നു:—

"ജന്മാന്നെച്ചിട്ടന്യോളെന്തിന് വരുന്ന്?
കയ്യല്ലെനക്ക്! പോയീനൊരിക്കൽ
ത്തുമ്മാനും കൂടിയില്ലാണ്ടൊരു കളികളിക്കു-
ന്നേരലമ്പാക്കപാനിങ്ങു വന്നോപാ?
ഇമ്മാത്തത്തന്നെ കയ്ഞ്ഞൂ പണിയൊരുപതി-
നൊന്നോ പന്തിരാണ്ടാറര മെന്നി-
ട്ടിമ്മാത്തേപ്പറഞ്ഞൊരരക്കേല് തരേനുണ്ടതു
കയ്ച്ചിറീട ബെച്ചിറഃ കായ്ം!"

ഈ ശ്ലോകം ജന്മിയുടെ ശല്യം സഹിക്കാത്ത ഒരു കുടിയാൻ, ഒടുക്കം, വരുന്നതു വരട്ടെ, എന്നു കരുതി, തന്റെ മൻഷ്യത്വം സ്ഥാപിക്കുവാൻ ഒരുങ്ങിക്കൊണ്ട് പറയുന്നതായി സങ്കല്പിയ്ക്കപ്പെട്ടിരിക്കുന്ന ഒരു പദ്യമാണെന്ന് ഞാൻ സഹൃദയന്മാരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

ഈ പദ്യത്തിന്റെ നിർമ്മാണകാലത്തെപ്പറ്റി തീച്ചവിവരമില്ല. പക്ഷെ ഇതിൽ നായകനായ കുടിയാൻ പ്രതിനാ

യകനായ ജന്മിയോട് പറയുന്ന സ്വരത്തിൽനിന്ന് ഇത് കൂടിയാൻബിൽ നിയമമാകുമെന്ന ഒരു വിശ്വാസം ക്രൂടിയില്ലാതിരുന്ന ജന്മികളുടെ ആ സുവർണ്ണ കാലത്തായിരുന്നു എഴുതപ്പെട്ടതെന്ന് ഊഹിക്കാമെന്ന് വിദ്വാൻ പി. ടി. ശങ്കുവാരിയരവർകൾ സമർത്ഥിയ്ക്കുന്നു. "കൂടിയാൻനിയമത്തിനു ശേഷമുള്ള കൂടിയാൻ തന്റെ ജന്മിയോട് വാഗ്വാദത്തിനു നിൽക്കുകയില്ല; ജന്മിയെ പിടിച്ചു പുറത്തുതള്ളുകയേ ഉള്ളൂ" എന്നാണ് വിദ്വാൻ വാരിയരവർകളുടെ മറ്റൊരു വാദം.

. നേരെ മറിച്ച്, "മഹാകവി കണ്ടമേനോന്റെ "ജന്മ്യാന്നെച്ചിട്ടി"ത്യാദി ശ്ലോകം കൂടിയാൻബിൽ നിയമമായിത്തീർന്ന പരിവർത്തനദശയെക്കുറിക്കുന്നു" എന്നാണ് അലങ്കാരശിരോമണി മി: കോപ്പിരാട്ടിത്ത് കോമൻ നായരുടെ അഭിപ്രായം. അദ്ദേഹം പറയുകയാണ്: "കൂടിയാന്റെ മനഃപടിയിൽ ആദ്യന്തം സ്മരിക്കുന്നത് അടിമമനസ്ഥിതി, ആസന്നമായ സ്വാതന്ത്ര്യസമാഗമത്താൽ ഗതിവേഗം അധികമാക്കപ്പെട്ട ഹൃൽസ്പന്ദനത്തോടുകൂടി, കരയുന്ന ഒരു പ്രതീതിയാണ്. ക്രൂട്ടിൽനിന്നു വിട്ടുവെങ്കിലും, പക്ഷശക്തിക്ഷയംനിമിത്തം ആകാശത്തിലുയരുവാൻ കഴിയാതെ കുഴങ്ങുന്ന സ്വാതന്ത്ര്യച്ഛായപതംഗിയുടെ മർമ്മഭേദകമായ ചിറകടിയാണ് അതിൽ കേൾക്കുന്നത്. ഈ ശ്ലോകം കൂടിയാൻബില്ലിനെപ്പറ്റി മദ്രാസ് കൌൺസിലിൽവെച്ച് തമിഴർ വാഗ്വാദം ചെയ്യുന്ന ഘട്ടത്തിൽ എഴുതപ്പെട്ടതാണെന്ന് അനുമാനഗ്രാഹ്യമായിരിക്കുന്നു."

ഈ വിഷയത്തിൽ മൂന്നാമതൊരു അഭിപ്രായം എടുക്കുവാനുണ്ടെങ്കിൽ അത് സാഹിത്യഷഡാനനൻ കെ. പി. അവർകളുടേതാണ്. അദ്ദേഹം പ്രസംഗവശാൽ ഒരിടത്തു പറയുന്നു: "കണ്ടമേനവനാൽ പ്രണീതമായ 'ജന്മ്യാ'ദി പദ്യത്തിന്റെ നിർമ്മാണകാലം വാദഗ്രസ്തമായിത്തന്നെയിരിക്കുന്നു. അത് ജന്മികൂടിയാൻനിയമം ബഹ്വായത്തിനു ശേഷം ഏതാനും വത്സരങ്ങൾ സമതീതങ്ങളായപ്പോളാണ് രചിതമായതെന്ന് വിചാരിക്കപ്പെടാം. അന്യപൂർവ്വപക്ഷങ്ങൾക്കെല്ലാം തൃപ്തികരമായ സമാധാനം ലബ്ധമായാലും, ജന്മിയെ അഭിമുഖീകരിച്ചുകൊണ്ട് കൂടിയാൻ പൂർവ്വോക്തജന്മിയുടെ ബഹിർഗമനം അഭിലഷണീയമെന്ന് മാത്രമല്ല, വിളംബം വിനാ കരണീയമെന്നു ക്രൂടി ശഠിക്കുന്നത് കൂടിയാൻനിയമം ആവിർഭവിച്ച തിയ്യതിയെ സംബന്ധിച്ചെടത്തോളം അത്രതപൂർവ്വമാണെന്നുതന്നെ പറയണം."

അങ്ങിനെ ഈ മൂന്നു ഗവേഷകന്മാരുടെയും ഗവേഷണത്തിന്റെ ഫലമായി മഹാകവി പാച്ചോററിയുടെ ശ്ലോകം കൂടിയാൻബില്ലിന്ന് എത്രയോ മുമ്പോ, അല്ലെങ്കിൽ, കൂടിയാൻ ബില്ലിനെക്കുറിച്ച് നി. നി. സഭയിൽ നിരർത്ഥകവാദപ്രതിവാദങ്ങൾ നടക്കുമ്പോഴോ, അതുമല്ലെങ്കിൽ, കൂടിയാൻ ബിൽ നിയമമായതിനുശേഷം വളരെക്കഴിഞ്ഞിട്ടോ ആണ് നിർമ്മിക്കപ്പെട്ടതെന്ന് ഏറെക്കുറെ തെളിയുന്നുണ്ട്.

എനി പ്രകൃതശ്ലോകത്തിൽ അടങ്ങിയ ദേശ്യപദങ്ങളുടേയും ദുഷിച്ച പാഠ

ങ്ങളൊടേയും അത്ഥം കിട്ടാതെ കുഴങ്ങുന്ന വായനക്കാക്കുവേണ്ടി, അതിന്റെ ഒരു ലഘുവ്യാഖ്യാനംകൂടി താഴെ ചേർക്കുന്നു.

ജമ്മ്യാന്നെച്ചിട്ട്=ജന്മിയാണെന്നു വെച്ചിട്ട് (കരുതീട്ട്)

അന്ത്യോളെന്തിന് വരുന്ന്?=അന്തിയോളം (ക്ലാടക്കുടെ) എന്തിന്നാണ് വരുന്നത്?

കയ്യല്ലെനക്ക്! പോയീൻ!=എനിക്ക് കഴിയുകയില്ല! (കടന്നു)പോവിൻ! ഇവിടെ "കഴിയുകയില്ല" എന്ന നിഷേധാത്മകമായ ക്രിയകൊണ്ട് കുടിയാന്റെ കത്തവ്യത്തിലുള്ള അശക്തിയല്ലാ, ഉത്സാഹമായ വെറുപ്പാണ് സ്ഫുരിക്കുന്നത്.

ഒരിക്കത്തുമ്മാനും ക്രുടിയില്ലാണ്ട്=ഒരിക്കൽ തുമ്മാനും (മൂക്കാനും) ക്രുടിയില്ലാതെ.

ഒരു കളികളിക്കുന്നേരം=വല്ലാതെ ബുദ്ധിമുട്ടി, ഇതികത്തവ്യതാമൂഢനായി, ഉഴലുമ്പോൾ എന്നർത്ഥം.

അലമ്പാക്കാനിങ്ങു വന്നോ?=ബുദ്ധിമുട്ടിക്കുവാൻ ഇവിടെയും (നിങ്ങളും) എത്തിയെന്നോ?

ഇമ്മാത്ത്ത്തന്നെ കയ്ഞ്ഞൂ= ഇമ്മാസത്തിൽത്തന്നെ കഴിഞ്ഞിരിക്കുന്നു.

പണിയൊരു പതിനൊന്നോ പന്ത്രണ്ടോ റ്റം=പതിനൊന്നോ പന്ത്രണ്ടോ മറ്റോ പണികൾ. "ഒരു പണി"യെന്നുള്ളതിന്ന് ഒരു ദിവസത്തെ പ്രവൃത്തിയെന്നാണ് വിവക്ഷിതാത്ഥം. "പതിനൊന്നോ പന്ത്രണ്ടോ മറ്റോ" എന്ന പ്രയോഗത്തിലെ അനിശ്ചിതത്വത്തിൽ ഒളിച്ചുനില്ക്കുന്ന അനാസ്ഥനോക്കുക. ജന്മിയുടെ കയ്യിൽനിന്ന് എടുത്ത പണിയുടെ ക്രൂലി കിട്ടുവാൻ തരമില്ലാത്തതിനാൽ അതിന്റെ കണക്ക് അതുയൊക്കെ കൃത്യമായി ഓർമ്മിച്ചിട്ട് എന്താണ് പ്രയോജനമെന്നാണ് ഇവിടെ വ്യംഗ്യം.

എന്നിട്ടിമ്മാത്തോപ്പറഞ്ഞൊരരക്കേല് തരേന്നുണ്ട്=എന്നിട്ട് (അതും പോരാഞ്ഞിട്ട്, ഇത്യത്ഥം) ഇന്നാളൊരുദിവസം തരാമെന്നു വാഗ്ദാനം ചെയ്തിരുന്ന ഒരു അരക്കാൽ (ഉറുപ്പിക) എനിയും പിരിഞ്ഞുകിട്ടേണ്ടതായിട്ടാണിരിക്കുന്നത്.

അത് കയ്ച്ചിറീട ബച്ചിറ്റ് കായ്യം!=അത് (പ്രസ്തുത അരക്കാൽ) കഴിച്ചിട്ട് (കോന്തലയിൽനിന്ന് അഴിച്ചിട്ട്) ഇവിടെ വെച്ചിട്ട് കായ്യം! ബാക്കിയൊക്കെ ആ പ്രവൃത്തി കഴിഞ്ഞതിന്നു ശേഷം പറയാമെന്നു വിവക്ഷ.

അലങ്കാരങ്ങൾ: — ആകപ്പാടെ സഭാവോക്തി; 'ഒരു കളികളിക്കുന്നേരം' എന്നുള്ളതിൽ അതിശയോക്തി. ദ്വിതീയാക്ഷരപ്രാസം, വൃത്ത്യനുപ്രാസം, വെണ്മണിപ്രാസം.

രസങ്ങൾ: കോപം, ബേജാർ, കരുണം, വീരം.

രീതി: തനി വൈദർഭി.

വൃത്തം: വളരെ വെള്ളം ചേർന്ന പോയ ശാർദ്ദൂലവിക്രീഡിതം.

---

# നമ്മഹർമ്യം.

## അവതാരിക.

ഹാസസാഹിത്യസാമ്രാജ്യത്തിൽ പരിഹാസാനുകരണസംസ്ഥാനത്തിന്റെ സർവാധിപതിയായ സാക്ഷാൽ മി: "സീതാരാമൻ" താഴെ ചേർക്കുന്ന ശ്ലോകങ്ങൾ "സഞ്ജയ"ന്നു് സമ്മാനിച്ചപ്പോൾ, അതിനൊരു ടിപ്പണി എഴുതിച്ചേർക്കണമെന്നു് പി. എസ്സോടു് അനുവശ്യപ്പെട്ടിരുന്നു. പക്ഷെ, സമുചിതമായ ഒരു ടിപ്പണി എഴുതുകയാണെങ്കിൽ, അതൊരു മഹാഭാഷ്യമായിപ്പരിണമിച്ചു്, "സഞ്ജയ"ന്റെ ഈ ലക്കത്തെ മാത്രമല്ല, എനിയും പല ലക്കങ്ങളേയും മുഴുക്കെ വ്യാപിച്ചു നിന്നേക്കാമെന്നുള്ള ശങ്ക ഹേതുവായി, പി. എസ്സു്, ആ ഉദ്യമത്തിൽനിന്നു് വിരമിച്ചു്, രണ്ടു സ്ഥലങ്ങളിൽ മാത്രം ഓരോ ചെറിയ കുറിപ്പു് എഴുതിച്ചേർത്തിരിയ്ക്കുകയാണു് ചെയ്തിട്ടുള്ളതു്. ഒന്നാം ലക്കത്തിലേക്കുവേണ്ടി തയാറാക്കിയിരുന്ന സംഭാരങ്ങളിൽ ഏതാണ്ടു് പകുതി, സ്ഥലദൈർലഭ്യത്താൽ നിർത്തിവെക്കേണ്ടിവന്ന സ്ഥിതി ആലോചിച്ചു്, ഈ കാര്യത്തിൽ സഞ്ജയന്റെ നേരെ മുഷിയാതിരിക്കുവാൻ മി: സീതാരാമനോടും വായനക്കാരോടും അപേക്ഷിച്ചുകൊള്ളുന്നു.

പി. എസ്സു്.

### I

തോലൻ ജാലകമായു്, കളോക്തി കലരും
ചാക്യാർകൂടം കൂടയായു്,
കോലംകെട്ടിയ കുഞ്ചനഞ്ചിതബലം
തഞ്ചും നടത്തുണ്ണിയായു്,
കാലംപോലെ കടന്നുനിന്ന ചിലപേർ
നമ്പൂരിമാർ വാരിയായു്
ക്കോലും കേരളനമ്മഹർമ്മ്യമതുതൻ
പ്രാഗത്ഭ്യമോതാവതോ?

### II

അമ്പാൽ വേങ്ങയിൽ നായനാർ നടുവിലെ-
ക്കെട്ടായു്, പരം കേ. സി.യാം
നമ്പ്യാർ പൂമുഖമായകത്തു പടിയായു്
'കാരാട'നേറീടുവാൻ,
തുമ്പം തെല്ലിയലാത്ത കല്ലറയതായു്
രാമക്കുറുപ്പാം മഹാ-
നമ്പാ! കേരളനമ്മഹർമ്മ്യമതുതൻ
പ്രാഗത്ഭ്യമോതാവതോ?

### III

ഒയ്യാരത്തിലെ മൂത്ത മൂപ്പർ സരസം
സൽക്കാരരൂമായു് സുഖം,
പയ്യായം തടവാത്ത പൂട്ടുറയായു്
സ്സീ. വി. കവിപ്രൌഢനും,
അയ്യാ, കേ. സുകുമാരസൂരി തളമായു്-
ക്കാൺമോക്കു ഹൃൽകൌതുകം
പെയ്യും കേരളനമ്മഹർമ്മ്യമതുതൻ
പ്രാഗത്ഭ്യമോതാവതോ?

### IV

പുത്തേഴം പുതുപിത്തളക്കുമിളയായു്,
ലാക്കൊത്ത മൂക്കോത്തഴം
വിടാൻ നല്ല വരാന്തയാ,യതുപുറം-
തള്ളീടുവാനെന്നപോൽ
സതതം സതരമൊത്ത ഭിത്തിവടിവിൽ
പ്പീ. ക്കോ. യുമായു്ക്കേവലം

മെത്തും കേരളനമ്മഹർമ്മ്യമതുതൻ
പ്രാഗത്ഭ്യമോതാവതോ?

[കുറിപ്പ്: മലയാളസാഹിത്യത്തിൽ സമുദായഭിത്തിവാദം വലിച്ചിട്ട് അവണ്ണസാഹിത്യകാരന്മാരെ വേർതിരിക്കുവാൻ സാഹിത്യപഞ്ചാനനൻ ചെയ്ത ശ്രമത്തെയാണ് കവി ഇവിടെ അധിക്ഷേപിക്കുന്നത്. നമ്മസ്സല്പാപവിഷയത്തിൽ ഒരു ഹർമ്മ്യത്തിന്റെ വരാന്തയ്ക്കുള്ള സ്ഥാനം, അതു കേട്ടുകൊണ്ടു നിൽക്കുവാൻമാത്രം പോരുന്ന ഭിത്തിയ്ക്കുള്ളതിനേക്കാൾ, തുലോം പ്രകൃഷ്ടമെന്ന് വ്യംഗ്യം.]

## V

"ഈ. വീ."മച്ചറ തന്നെയായ്, കൃസ്തിയാം
"നാറാണ"നേറേണിയായ്,
ത്താവീടും രസവേദി "സഞ്ജയ"നിരു–
ട്ടോടിച്ചിട്ടും റാന്തലായ്,
(ഡീ. വി)യുമ്മറവാതിലായ്ക്കരുതിടാം
നമ്മേയുമിമ്മട്ടഹോ
മേവും കേരളനമ്മഹർമ്മ്യമതുതൻ
പ്രാഗത്ഭ്യമോതാവതോ?

സീതാരാമൻ.

[കുറിപ്പ്:—"നാറാണൻ": വടക്കൻ വായനക്കാക്കു സുപരിചിതനല്ലെങ്കിലും പരിഹാസകവനത്തിൽപ്പേരെടുത്ത, "കോതാകേള"ത്തിന്റെ കർത്താവായ "മഹാകവി നാറാണൻ".

"സഞ്ജയനിരുട്ടോടിച്ചിട്ടും റാന്തലായ്": പ്രസ്തുതറാന്തലിന്റെ എണ്ണ വറ്റിയിരിക്കുന്നതിനാലും, നാട തീന്തിനാലും, ചിമ്മിനി ഉടഞ്ഞുപോയിരിക്കുന്നതിനാലും, "ഇരുട്ടോടിച്ചിട്ടും" എന്ന വിശേഷണം പ്രകൃതത്തിൽ ഘടിയ്ക്കാതായിത്തീർന്ന വിവരം കവിയേയും വായനക്കാരേയും സവ്യസനം അറിയിച്ചുകൊള്ളുന്നു.

(ഡീ. വീ.)—Deo Volente—ലത്തീൻ ഭാഷയിലുള്ള ഈ പ്രയോഗത്തിന്ന് ദൈവാനുഗ്രഹമുണ്ടെങ്കിൽ എന്നാണർത്ഥം.]

---

"മദ്യം കുടിക്കരുത്—ഗവമ്മേണ്ടും ഇത് ഉപദേശിക്കുന്നു"—എന്ന് ഒരു ഗവമ്മേണ്ടുപരസ്യം കുറച്ചു മുമ്പ് റോഡുകളിൽ കാണപ്പെട്ടിരുന്നുവല്ലോ.

ഈ ഉപദേശത്തെപ്പറ്റി, മദ്രാസ് ഗവമ്മേണ്ടിനെ സംബന്ധിച്ചേടത്തോളം, മദ്യപന്മാരുടെ ഇടയിൽ ഉണ്ടാകുവാനിടയുള്ള തെറ്റുധാരണകളെ, മദ്രാസ് ഗവമ്മേണ്ടിന്റെ മദ്യനയത്തെപ്പറ്റി ബഹു: മി: കുമാരസ്വാമിറെഡ്ഡ്യാർ കൌൺസിലിൽവെച്ച് ഈയെടെ ചെയ്ത പ്രസംഗം വേരുകുമെന്നാണ് പ്രതീക്ഷിയ്ക്കപ്പെട്ടിരിക്കുന്നത്.

* * * *

"മാതൃഭൂമി—കോൺഗ്രസ്സ് സുവണ്ണജൂബിലിലക്ക"ത്തിൽ ചിത്രരൂപേണ വെളിച്ചപ്പെടാത്ത പുരുഷന്മാർ ബ്രിട്ടീഷുമലബാറിലെ കോൺഗ്രസ്സുനേതാക്കളുടെ ഇടയിലോ, "ശ്രീമതി—വിശേഷാൽപ്രതി"യിൽ ഛായയില്ലാത്ത സ്ത്രീകൾ തിരുവിതാംകൂറിലോ ഇല്ലെന്നു ചിലർ പറയുന്നു.

ഇത്തരം അതിശയോക്തികളാണ് ഞങ്ങൾക്കു പിടിക്കാത്തത്. ഡസൻകണക്കായി നേതാക്കളും സ്ത്രീകളും ഈ ഓരോ സംസ്ഥാനത്തിലും ബാക്കിയുണ്ടെന്നാണ് ഞങ്ങളുടെ ഉത്തമവിശ്വാസം.

* * * *

രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ച് ഏത്യോപ്യയിലെ ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ പൂർണ്ണമായ മൌനം അവലംബിക്കേണ്ടതാണെന്നും, അങ്ങിനെ ചെയ്യാത്തവർ ശിക്ഷിക്കപ്പെടുമെന്നും, എത്യോപ്യൻ ഗവമ്മേണ്ടു അറിയിച്ചിരിക്കുന്നു.

"ഞങ്ങടെ ഇതു പണ്ടേ പറയാറില്ലേ?" എന്ന് ഈ വിവരം കേട്ടപ്പോൾ ഇന്ത്യാഗവമ്മേണ്ട് ചോദിച്ചിട്ടില്ലത്രെ.

---




ഭാരതാംബ : ഇവർ രണ്ടുപേരും പറയുന്നത് ഏകകാലത്തിൽ ശരിയായിരിക്കുവാൻ തരമില്ലല്ലോ !

# കോഴിയാക്കൽ.

അങ്ങിനെ മീനമാസത്തിലെ ചൂടോട്ടക്കൂടി സഞ്ജയനും പുറപ്പെട്ടു. സഞ്ജയന്റെ സദുദ്ദേശ്യം സർവ്വവിദിതമാണ്. ആ കുപ്പാടെ ഒന്നു കോഴിയാക്കാനാണ് സഞ്ജയൻ ഭാവിച്ചിട്ടുള്ളതു്. [അല്ല!—പി. എസ്സ്.] ഈ സുവർണ്ണവേളയിൽ 'കോഴിയാക്കൽ' എന്ന പദത്തിന്റെ ചരിത്രം അറിയേണ്ടതാവശ്യംതന്നെ.

ചിറക്കൽ, കോട്ടക്കൽ, തിരുനക്കൽ തുടങ്ങിയ 'കല്ലന്ത്യ'മായ ദേശനാമങ്ങളിലൊന്നാണ് 'കോഴിയാക്കൽ' എന്നു് തലക്കെട്ടു കാണുമ്പോൾതന്നെ ആകാരത്തേയും ആശയത്തേയും തെറ്റിദ്ധരിക്കാൻ വല്ലവരും ഭാവിക്കുന്നുണ്ടെങ്കിൽ, 'അരുത്" എന്നാദ്യമെ അറിയിച്ചുകൊള്ളട്ടെ. കോഴിയാക്കൽ എന്നാൽ വിസ്സ്യാക്കൽ എന്നർത്ഥം. നല്ല മണിപ്രവാളത്തിൽ കുക്കുടീഭവിപ്പിക്കൽ, കക്കുടമാക്കിച്ചെയ്യൽ, ഇപ്രകാരവുമാം. ഈ വാക്കിലെ 'മിസ്റ്റിസിസം' യുവകവികളെ മാത്രമല്ല, നരയൻ കവികളെയും കോൾമയിർകൊള്ളിക്കും; അല്ലെങ്കിൽ കോരിത്തരിപ്പിക്കും. കുക്കുടമാംസത്തിന്റെ രസവും മസാലയുടെ മണവും ഇതിലുണ്ടു്. അതുകൊണ്ടുതന്നെയാണു്, കോഴിമാംസമില്ലാത്തപക്ഷം, കോഴിമുട്ടയെങ്കിലും കൂട്ടിയുണ്ണാൻ വേണമെന്നു ശാഠ്യമുള്ള ബിക്കേനാർ കൃത്യാന്തരശതങ്ങളിൽ വ്യാപൃതനെങ്കിലും കോഴിയാക്കലിനെപ്പറ്റി എഴുതുവാനൊരുമ്പെട്ടതു്.

കോഴിയാക്കൽ എന്ന വാക്കിനെപ്പറ്റി ഞാൻ ഗവേഷണം നടത്തിത്തുടങ്ങീട്ടു് ഇശ്ശി കാലമായി. എന്നാൽ ഇതിന്റെ ചരിത്രത്തെക്കുറിച്ചു് കുറെയധികം അറിയാനിടയായതു എന്റെ പ്രാണസ്നേഹിതനും, ഞാനെപ്പോഴും പെന്നാലും ഒരു കോപ്പ ചായയും, രണ്ടു അടപ്പചിതാണ്ഡങ്ങളും സൽകരിക്കാറുള്ള ദയാപരനുമായ ഒരു സുഹൃത്തു് മുഖേനയാണ്. "കോഴിയാക്കൽ" എന്ന പദത്തിന്റെ ചരിത്രമെന്താണെന്നറിയുമോ, സാറെ?" എന്നു ഞാൻ ഒരിക്കൽ അദ്ദേഹത്തോടു് ചോദിച്ചപ്പോൾ, അതുവരെയില്ലും വക്കുപൊട്ടിയ ഒരു പഴയ ചെമ്പോലക്കരണത്തിൽ ദത്തദൃഷ്ടിയായിരുന്ന ആ ഗവേഷകൻ പറഞ്ഞതാവിതു. "'കോഴിയാക്കൽ'—'കോഴിയാക്കൽ!'—ഓ, ശരി! അതിനു് വിസ്സ്യാക്കൽ എന്നാണർത്ഥം. വ്യാജസ്തുതി, ഫലിതം, രസികത്തം, പരിഹാസം, ശകാരം എന്നീ പഞ്ചാംഗങ്ങളടങ്ങിയ ഹാസസാഹിത്യത്തിന്റെ പരമോദ്ദേശ്യം കോഴിയാക്കൽതന്നെ. ഈ വാക്കിന്റെ ഉത്ഭവം ഇംഗ്ലീഷിലെ 'ഫെയ്ൻ' എന്ന പദത്തിൽനിന്നാണെന്നു തെളിയുന്നു. ക്രി. പി. 1888ൽ കുരിയാറ ക്രാംപിസ്സ് എന്ന പാതിരിസ്സായ്പ് സാമൂതിരി രാജാവിനെഴുതിയ എഴുത്തിൽ "നിങ്ങളുടെ പ്രജകളിൽ ചിലർ മണ്ണാൻ ചന്തയിൽവെച്ചു് ഞാൻ മതപ്രസംഗം നടത്തുമ്പോൾ വളരെ 'ഫെയ്ൻ' ആയി പെരുമാറി" എന്നെഴുതിക്കാണുന്നു. ആ കാലത്തു സാമൂതിരിപ്പാട്ടിലെ കാര്യസ്ഥനായ ഇട്ടിരാശ്ശൻ മേനോന്റെ

മകൻ ഇംഗ്ലീഷു പഠിക്കുന്നുണ്ടായിരുന്നു. 'കുട്ടാ, ഈ കത്തിന്റെ താൽപര്യം മലയാളത്തിലെഴുതിക്കൊണ്ടുവാ' എന്ന പിതൃശാസനം കേട്ട്, ആ കുട്ടൻ 'ഫെയ്ത്തും' എന്നാൽ മയ്യാഴകേടെന്നറിയാതെ, പൂവൻകോഴി എന്നർത്ഥം കല്പിക്കുകയും, അങ്ങനെ 'നിങ്ങളുടെ പ്രജകളിൽ ചിലർ.....പ്രസംഗിക്കുമ്പോൾ കോഴിയാക്കി' എന്ന് 'തർജമ' ചെയ്യുകയുമുണ്ടായി. ഏവംവിധം സാക്ഷാൽ മകൻ മേനവനിൽനിന്ന് കൈരളിക്ക് സിദ്ധിച്ച ഒരു ഏ-വൺ വാക്കാണ് കോഴിയാക്കൽ എന്ന് സിദ്ധമാകുന്നുണ്ട്. പാതിരിയുടെ എഴുത്ത് ഇന്നും സാമൂതിരിയുടെ ആപ്പീസ്സിലുണ്ട്. ഞാൻ തന്നെ കണ്ടിട്ടുമുണ്ട്." എന്റെ സ്നേഹിതന്റെ ഗവേഷണബുദ്ധിയുടെ വ്യാപ്തിയോത്ത് ഞാനമ്പരന്നു പോയെന്ന് സമ്മതിച്ചേ തീരൂ.

പ്രസ്തുതവിവരത്തിന്റെ പുറമെ അന്വേഷണത്തിൽ ഈ വാക്കിനെപ്പറ്റി ഒരൈതിഹ്യവുംകൂടിയുള്ളതായറിയുന്നു. കോഴിക്കോട്ട തമ്പുരാനും കോലത്തിരിത്തമ്പുരാനും തമ്മിൽ ഉള്ളാലെ നല്ല രസമില്ലാതെ വന്നു. ആ അവസരത്തിൽ കോലത്തിരി തമ്പുരാൻ 'കോലത്തിരി കുത്തും' എന്നു പുറമെ ലേബിൽ ഒട്ടിച്ചുംകൊണ്ടു ഒരു പെട്ടി കോഴിക്കോട്ട തമ്പുരാന്നയച്ചു. തന്ത്രജ്ഞനായ കോഴിക്കോട്ട തമ്പുരാൻ പെട്ടി വെള്ളത്തിൽ മുക്കി നനച്ചതിന്റെ ശേഷമേ തുറന്നുള്ളൂ. അതിൽ കുറെ നനഞ്ഞ വെടിമരുന്നാണദ്ദേഹം കണ്ടത്. തുറക്കുമ്പോൾ വെടിമരുന്നു പൊട്ടിത്തെറിക്കത്തക്ക ഒരു സൂത്രം പെട്ടിയിൽ ചെയ്തുവെച്ചിരുന്നതായി മനസ്സിലായി. മടക്കത്തപ്പാലിൽ—അക്കാലത്തു തപ്പാലുണ്ടോ എന്ന കാര്യത്തിൽ ഗവേഷണം നടത്തിവരുന്നു—കോഴിക്കോട്ട തമ്പുരാൻ കോലത്തിരിക്കും ഒരു പെട്ടി അയക്കുകയുണ്ടായി. അതു തുറക്കുന്നതിനു മുൻപു കോലത്തിരിരാജാവും സാമൂതിരിയെ അനുകരിച്ചുകൊണ്ടു വെള്ളത്തിൽ മുക്കി. പെട്ടി തുറന്നപ്പോൾ അതിലെ അസംഖ്യം കടന്നലുകൾ വെള്ളം തട്ടിയതിനാലുള്ള ക്രോധത്തോടെ പാറി പുറത്തുചാടി കോലത്തിരിയേയും കുട്ടികാരേയുമെല്ലാം കടിച്ച് തുലച്ചുകളഞ്ഞു. അങ്ങിനെ കോലത്തിരിത്തമ്പുരാൻ കോഴിക്കോട്ട തമ്പുരാനാൽ വിടുവിഡ്ഢിയാക്കപ്പെട്ടു. ഈ സംഭവത്തിനുശേഷം ആഘോഷിക്കപ്പെട്ട മാമാങ്കത്തിൽ കോഴിക്കോട്ട തമ്പുരാൻ വിഡ്ഢിയാക്കുന്നവരിലഗ്രേസരനായി അഭിഷേകം ചെയ്യപ്പെട്ടു. ക്രൂരമായ ഒരു പ്രത്യേക തരം പ്രകാരം വിഡ്ഢിയാക്കുക എന്നതിനു കോഴിയാക്കുക എന്നു പുതിയ ഒരു പദം കല്പിക്കുകയുമുണ്ടായി. ഇതാണ് ഐതിഹ്യം.

കോഴിയുടെ ജീവിതം മുഴുവൻ ഒരു വമ്പിച്ച പരക്കംപാച്ചലാണെന്നു കുക്കുട ജീവിതാന്വേഷണപടുക്കൾ പറയുന്നു. കാലവും തഞ്ചവും നോക്കാതെ പിടക്കോഴിയുടെ പിന്നാലെ ചിറകടിച്ചു തിരിഞ്ഞുപായുന്ന ആ പക്ഷിലോകത്തിലെ "ഡോൺ ഝുവാ"ന്ന് വിശ്രമാവസരം പകൽസമയത്ത് കുറവു തന്നെയാണ്. അതിനാൽ കോഴിജീവിതം ക്ഷണപ്രഭാചഞ്ചലമാണെന്നു ധരിക്കാനേതും

വിഷമമില്ല. എന്നു മാത്രമല്ല, അത് മിക്കവാറും എരിപൊരിച്ചിലോടുകൂടി വറട്ടുചട്ടിയിലവസാനിക്കുകയാണ് പതിവ്. കോഴിയാക്കലിലും ഒരു ക്ഷണികതയും, [കുഞ്ചന്റെ ആത്മാവ് കേൾക്കണ്ട!—പി. എസ്സ്.] ഒരു എരിപൊരിച്ചിലുമൊക്കെ ഉണ്ട്. ഹാസസാഹിത്യമപ്പടി കോഴിയാക്കലാണെന്നു മുൻസൂചിപ്പിച്ചു കഴിഞ്ഞു.

കൂടിക്കുക എന്നതിനു 'കാപ്പിയാക്കുക' എന്നു മഹാകവിപ്രയോഗം കാണുന്നു. അപ്പോലെതന്നെ കോഴിയാക്കുക എന്നതിനു മക്കാറാക്കുക, തമാശയാക്കുക, വിഡ്ഢിയാക്കുക എന്നിവക്കു പുറമെ 'കടിച്ചു മുറിച്ചു ശാപ്പിടുക' എന്ന അർത്ഥവും മള്ളൂർ പറയുംപോലെ 'സിദ്ധം'.

ബിക്കേനാർ.

---

എണ്ണക്കച്ചവടത്താൽ കുബേരനായിത്തീർന്ന മി: റിക്കറ്റ്സ് സന്ധിശ്രമത്തിന്നായി ഈയെടെ എതോപ്യയെ സന്ദർശിച്ചിരുന്നു. സമാധാനമുണ്ടാക്കുക എന്ന അർത്ഥത്തിൽ, "കോലംകൊണ്ട വെള്ളത്തിൽ എണ്ണയൊഴിക്കുക" എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്.

നേരെമറിച്ച്, കലഹം വർദ്ധിപ്പിക്കുക എന്ന അർത്ഥത്തിൽ, "കത്തുന്ന തീയിൽ എണ്ണയൊഴിക്കുക" എന്ന് മലയാളത്തിലും ഒരു ചൊല്ലുണ്ട്.

---

ശാസ്ത്രപരിഷ്കൃതി.

## സസ്യശാസ്ത്രം. *

സസ്യലോകം മനുഷ്യലോകത്തെപ്പോലെ തന്നെ ഒരു കൂട്ടത്തംകെട്ട ലോകമാകുന്നു. ഇവ തമ്മിലുള്ള സാദൃശ്യങ്ങൾ മുഴുവൻ ഞാൻ പറയുവാൻ ഒരുങ്ങിയാൽ പ്രസംഗം പകുതിയാകുമ്പോഴെക്കും നിങ്ങളുടെയും നിങ്ങളുടെ സന്തതികളുടെയും ആയുഷ്കാലം അവസാനിച്ചുപോയിട്ടുണ്ടായിരിക്കും. പ്രാസംഗികന്റെ ആയുഷ്കാലത്തെപ്പറ്റി എനിയും തിട്ടമായ ഒരു ഉറപ്പ്, ദീർഘായുസ്സ് ഉണ്ടെന്നു തെളിയിക്കുന്നവക്ക് അല്പം ഒച്ചയടച്ച ഒരു ഗ്രാമഫോൺ സമ്മാനമായി കൊടുക്കാമെന്നു പറഞ്ഞിട്ടുകൂടി, കവിടിക്രിയക്കാരും തന്നു കഴിഞ്ഞിട്ടില്ലാത്തതിനാൽ, ആ സംരംഭത്തിൽനിന്നു ഞാൻ പിൻതിരിയുന്നു. സ്ഥാലീമണ്ണാങ്കട്ടന്യായേന ഏതാൻ ചിലതിനെ മാത്രം ഞാൻ നിർദ്ദേശിയ്ക്കാം.

ഏറോപ്പെയിനിൽ സ്ഥിരതാമസക്കാരായ വളരെ ചുരുക്കം അമേരിക്കക്കാരൊഴികെ, ബാക്കി മനുഷ്യരെല്ലാം ഭ്രമിയിൽ താമസിക്കുന്നവരാകുന്നു: നെയ്ത്തുകാരൻ ഭാര്യയുടെ വിലാപത്തിന്ന് ശങ്കിടി പിടിച്ചതുപോലെ, സസ്യങ്ങളും!

---

* വല്ലൊരു തഞ്ചവും കിട്ടിയെങ്കിൽ, എനിയത്തെ അഖിലലോകസസ്യശാസ്ത്രവിശാരദ കോൺഗ്രസ്സിൽവെച്ചു, ജീവൻ ഇൻഷർ ചെയ്തു കഴിഞ്ഞ ശേഷം, ഞങ്ങളുടെ സസ്യശാസ്ത്രവിദഗ്ധൻ ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രസംഗം.

സസ്യങ്ങളെ ഉൾക്കട്ടിയുള്ളവയെന്നും, പുറംകട്ടിയുള്ളവയെന്നും, അകവും പുറവും ഒരുപോലെ കട്ടിയുള്ളവയെന്നും, ഒരു ദിക്കിലും കട്ടിയില്ലാത്തവയെന്നും, മുള്ളുള്ളവയെന്നും, കായ്ക്കാതെ പൂഷ്പിക്കുന്നവയെന്നും, പൂഷ്പിക്കാതെ കായ്ക്കുന്നവയെന്നും, ജീവനെ രക്ഷിക്കുന്നവയെന്നും, ജീവനെ നശിപ്പിക്കുന്നവയെന്നും, നേരെ വളരുന്നവയെന്നും, വളഞ്ഞുപുളഞ്ഞു പോകുന്നവയെന്നും, ആകാശത്തിൽ ഉയന്നവയെന്നും, നിലത്തു കവിണ്ണു വീണവയെന്നും, അന്യരെ ആശ്രയിക്കുന്നവയെന്നും, അന്യർക്ക് ആശ്രയം കൊടുക്കുന്നവയെന്നും, തൊട്ടാവാടികളെന്നും, ഇടി വീണാൽക്കൂടി കുലുങ്ങാത്തവയെന്നും, ഇങ്ങിനെ പല പല വിഭാഗങ്ങളായി വേർതിരിക്കാം: മനുഷ്യരേയും! മനുഷ്യരാൽ ജനിയ്ക്കുക, ജീവിക്കുക, മരിക്കുക, എന്നീ കർമ്മത്രയം അനവരതം, സാർവത്രികമായി ചെയ്യപ്പെടുന്നു: സസ്യങ്ങളാലും! സസ്യങ്ങളോട് പലതരത്തിലുള്ള പെരുമാറ്റം കാണപ്പെടുന്നു: മനുഷ്യരോടും! ദൈവകൃപയാൽ മനുഷ്യർക്കായിക്കൊണ്ട് പ്രാണവായു ചരിക്കുന്നു, സൂര്യനുദിക്കുന്നു, മഴ പെയ്യുന്നു, വേറെ പല കായ്യങ്ങളും നടക്കുന്നു: പടച്ചവന്റെ കാരുണ്യത്താൽ, സസ്യങ്ങൾക്കായിക്കൊണ്ടും! സസ്യങ്ങളിൽനിന്ന് വളരെ, വളരെ പാഠങ്ങൾ പഠിക്കുവാനുണ്ട്: മനുഷ്യരിൽനിന്നും! മനുഷ്യർക്ക് കൌമാരതാരുണ്യ വാർധക്യങ്ങളെന്ന അവസ്ഥാന്തരങ്ങളുണ്ട്: സസ്യങ്ങൾക്കും! സസ്യങ്ങളുടെ ലോകത്തിൽ കൃഷി ഡിപ്പാർട്ടുമെണ്ടുകാരെക്കൊണ്ടുള്ള ദ്രോഹം ചില്ലറയല്ല: മനുഷ്യരുടെയും! മനുഷ്യരിൽ ജീവാത്മാവു പ്രവർത്തിയ്ക്കുന്നു: സസ്യങ്ങളിലും! ഹേ, സസ്യമേ, നിന്നെ എന്തിന്ന് പടച്ചവൻ പടച്ചു, എന്ന് മുസല്യാന്മാർക്കുകൂടി നല്ല വിവരം പോര: ഹേ, മനുഷ്യ, നിന്നേയും! ഇങ്ങിനെ വിഭക്തികൾ എണ്ണം എടുത്ത്.

മനുഷ്യരും സസ്യങ്ങളും തമ്മിലുള്ള സാദൃശ്യങ്ങളെ, ഇങ്ങിനെ, നടേ പറയപ്പെട്ട സ്ഥാലീകിണ്വാംകൃതിന്യായേന പറയപ്പെട്ടു. എനി അവർ തമ്മിലുള്ള വ്യത്യാസങ്ങളുടെ ചില ചോടുകളും, മേപ്പടി ന്യായപ്രകാരം തന്നെ, അടുത്ത ലക്കത്തിൽ, പത്രാധിപർ അനുവദിയ്ക്കുമെങ്കിൽ—

പത്രാധിപർ: ആലോചിക്കും, ആലോചിക്കും! തൽക്കാലം കടന്നു പുറത്തു നിൽക്കൂ!—തേങ്ക്സ് !

---

തങ്ങളുടെ സേനാവിഭാഗങ്ങളും എത്യോപ്യയിൽസർവത്ര വിജയികളായിരിക്കെ, പിടിച്ച രാജ്യം വിട്ടുകൊടുത്തുകൊണ്ടുള്ള സന്ധിയ്ക്ക് ഇറാലി എന്തിന്നു വഴങ്ങണം? എന്ന് ഇറാലിയിലെ അനൌദ്യോഗിക മണ്ഡലങ്ങളിൽനിന്ന് ഒരു ചോദ്യം പുറപ്പെട്ടതായി റോയിറർകമ്പിവാർത്തകളിൽ കാണുന്നു.

ഇറാലിയുടെ ഈ സാർവത്രികവിജയം മാഷൽ ബാദോലിയോവിന്റെ റിപ്പോർട്ടുകളിൽ മാത്രമെ കാണപ്പെടുന്നുള്ളുവെന്ന് പ്രസ്തുത അനൌദ്യോഗിക മണ്ഡലങ്ങൾ അറിഞ്ഞിട്ടില്ല.

* * * *

മാർഷൽ ബാദോലിയോവിന്റെ സന്ദേശങ്ങൾക്കു പുറമെ വേറെയും സന്ദേശങ്ങൾ കണ്ടിരിക്കുവാൻ ഇടയുള്ള ഇറാലിയിലെ ഔദ്യോഗിക മണ്ഡലങ്ങളിൽനിന്ന് അങ്ങിനെയൊരു ചോദ്യം ഇതുവരെ പുറപ്പെട്ടിട്ടില്ലെന്നുള്ളതാണ് ശ്രദ്ധേയമായ മറെറാരു വസ്തുത.

# മതമാറാക്കോമരത്തിന്റെ വെളിച്ചപ്പാട്.

മതമാറാക്കോമരം അവിടവിടെയായി ഇളകിത്തുള്ളി വെളിച്ചപ്പെട്ടുവരുന്നു. ഞങ്ങളുടെ നാട്ടിൽ പുറപ്പെട്ടിരിക്കുന്നത് മഞ്ഞവസ്ത്രം ധരിച്ചുകൊണ്ടാണ്. (ഗീർവാണത്തിൽ, 'പീതാംബരനായിട്ട്' എന്നു പറയാം. പക്ഷെ കൃഷ്ണപക്ഷത്തിലല്ല, കൃസ്തുപക്ഷത്തിലാണെന്നു മാത്രമെ വ്യത്യാസമുള്ളൂ.)

ആ മഞ്ഞക്കടലാസ്സിനെ—ആ മാരാത്ത കാമിലരോഗക്കാരനെ—നിങ്ങൾ കാണേണ്ടതാണ്. അവൻ കണ്ണിന്നു പുണ്യം നേടിത്തന്നില്ലെങ്കിൽ, അഞ്ചു മിനുട്ട നേരത്തേക്ക് ഒരു ചിരിയെങ്കിലും നേടിത്തരും.

അതെ, മഞ്ഞക്കടലാസ്സ് തന്നെ! ഹിന്ദുക്കളെ കിടുകിട വിറപ്പിക്കുന്ന മഞ്ഞക്കടലാസ്സ്; ഹിന്ദുക്കളെ അടച്ചും കൊഞ്ഞനം കാട്ടുന്ന മഞ്ഞക്കടലാസ്സ്; പോര, അവിടെയും, ഇവിടെയും, എവിടെയും കാണപ്പെടുന്ന ഹിന്ദുക്കളുടെ കയ്യുകളിലെല്ലാം പാറിപ്പറന്നു വീഴുന്ന ആ മഞ്ഞക്കടലാസ്സ്!—ഹാ, അതിന്റെ ഭംഗി! അതിന്റെ അച്ചടിയുടെ വ്യക്തത! എന്തു വാചകങ്ങൾ! അവയിലെ അർത്ഥമൊ, തനിപ്പച്ച! ആർക്കും എളുപ്പത്തിൽ മനസ്സിലാകും. എന്നാലും അതിന്റെ ഇടിമുഴക്കം പോലെയുള്ള ശബ്ദം!—അതോർക്കുമ്പോൾ ഞാൻ നടുങ്ങുന്നു. ഇതു കേട്ടു പൊറുത്തു അടങ്ങി ഒന്നും മിണ്ടാതിരിക്കുന്ന "സഞ്ജയ"നെക്കുറിച്ചു ഞാനെന്തു പറയട്ടെ!

[തൽക്കാലം ഒന്നും പറയേണ്ടെന്നില്ല. ഒന്നാമത്, പി. എസ്സ്. പ്രസ്തുത 'മഞ്ഞക്കോമര'ത്തെ കണ്ടിട്ടില്ല; കാണണമെന്നുമില്ല. ഏതു നിലയിലും ജാതിക്കോമരങ്ങളെയും മതക്കോമരങ്ങളെയും കാണുമ്പോൾ സഞ്ജയൻ പുച്ഛത്തോടകലുടിയ ഒരു മൌനമവലംബിക്കുകയല്ലാതെ, ഹാലിളകി കൂട്ടത്തിൽ ആടാറില്ല.

പി. എസ്സ്.]

മതം പോലും!—ഇന്നാർക്കു വേണം മതം? എന്തിന്നു വേണം? ഹിന്ദുമതത്തിന്റെ അണ്ടിയോളം കരണ്ടിയവരെന്നു ഞെളിയുന്ന ആ അസൂയ്യക്കുട്ടികളുടെ "ഹാ, ഹൊ, തൊടല്ല, അടുക്കല്ല, നടക്കല്ല, നിൽക്കല്ല, ഓടല്ല, കേറല്ല, ഇറങ്ങല്ല, ഉദിക്കല്ല, അസ്തമിക്കല്ല"—എന്നീ പൊറാട്ടു പറച്ചൽ കേട്ടു അടങ്ങിയിരിപ്പാൻ ഇനി ഭാവമില്ല. ഒന്നുകൊണ്ടുമില്ല; ഇല്ല! ഇതുവരെയായി ഹിന്ദുമതം എന്തു തേങ്ങാപ്പിണ്ണാക്കാണ് ലോകത്തിന്നു കൊടുത്തത്? ഹിതം നടക്കാത്ത മതം മൂഗങ്ങൾക്കും കൊള്ളില്ല, നിശ്ചയം. പരിസരത്തെ പകർത്താത്ത പടപ്പൊരു പടപ്പാണൊ? ഭയങ്കരകാളക്രൂടം—കാക്കോടകന്റെ കടുകരിങ്കാളക്രൂടം—വേദം, വേദാന്തം, ഉപനിഷത്ത്, ദർശനം, ഗീത, സ്മൃതി, പുരാണം, ധർമ്മശാസ്ത്രം, കാവ്യം, അലങ്കാരം, മണ്ണാങ്കട്ട, മരമുരിങ്ങ—ഇത്യാദികളിൽ എവിടെ നോക്കിയാലും, അവിടെ ഒക്കെ ആ യാഥാസ്ഥികാസൂയകളെ മാത്രമെ കാണുകയുള്ളൂ. മഹർഷിമാരെന്നു നടിച്ചു—കാട്ടിൽ കഴിഞ്ഞുകൂടി പന്നികളുടെ മട്ടിൽ കാട്ട

കിഴങ്ങും മറ്റും തിന്നു തടിക്കുമ്പയെ ക്രമപ്പെടുത്താൻ തൃത്തലകളെ വേവിച്ചു ചിലർ വല്ലതും എഴുതിത്തള്ളിയതിനെ ഈ പട്ടണങ്ങളിലെ പേരു കേട്ട പൌരന്മാർ—പ്രമാണികൾ — മഹാനാഗരികന്മാർ—പരിഷ്കാരപ്രതിമകൾ—പച്ചപ്പരമാർത്ഥികൾ—അങ്ങിനെതന്നെ അമറെത്തിനാക്കുക എങ്ങിനെ യുക്തമാകും? അത്തരം അസമതപജല്പനങ്ങളെ—അവമാനകരപ്രലപനങ്ങളെ— ഇന്നാരെന്തിനു വകവെക്കണം? വേണ്ട. അവയെ ഒന്നായി വലിച്ചെറിയാനുറച്ചു. എന്തുവരുമെന്നു കാണട്ടെ!

ദൈവം പക്ഷപാതിയല്ല. നിശ്ചയം. ഇനി ആയാൽത്തന്നെ എന്താ? ആവശ്യനിവൃത്തിണത്തിൽമേലെ ഉണ്ടോ മറെറാന്ന്? ഈ ഹിന്ദുവങ്കന്മാരെ ഒന്നു കണക്കിൽ പഠിപ്പിക്കണം. അവസരം കിട്ടുമ്പോൾ അടങ്ങിയിരിക്ക ശരിയല്ല. ഇവരുടെ ജാതിയും, അമ്പലവും, അയിത്തവും, അന്ധവിശ്വാസവും ഇതോടൊപ്പം തുലയും!

കശാപ്പുപുര തൊട്ടാശ്രമം വരെ—അടിച്ചൂതളി മുതൽ ആത്തമ്മാർ വരെ—അങ്ങാടി മുതൽ അന്തഃപുരം വരെ—കൂടിൽ മുതൽ കോലകം വരെ—കള്ളുഷാപ്പു മുതൽ കേളീഗൃഹം വരെ—മലയൻ മുതൽ ഹിമാലയം വരെ— എന്തിനേറെ?—ഇങ്ങു തൊട്ടങ്ങു വരെ—ഒരു കാക്കക്കു പോലും എങ്ങും പറന്നെത്താം. ആക്ഷേപമേ ഇല്ല! ഹിന്ദുത്വത്തെ പോറുന്നവരുടെ ഇടയിൽ അടിയിലെ പടവിലെ പുള്ളികളായാൽ ഇങ്ങിനെ ഒന്നിനും അധികാരമോ അവകാശമോ സ്വാതന്ത്ര്യമോ ഇല്ല. ഹാ! എന്തു ന്യായം! എന്തു മതം! ഇതാണൊ സർവ്വമതാന്തസ്സാരഗർഭമായ ആ ഹിന്ദുമതം? അതെ എങ്കിൽ, ഈ ഹിന്ദുമതഭാണ്ഡം ഇനിപ്പോകുക വയ്യേ വയ്യ! തുച്ഛം! നിരർത്ഥം! പുല്ലെണ്ണുക്കു വായ കാട്ടുന്ന ഈ പാഴ്ക്കച്ചോടം ഇനി ഈയുള്ളവർക്കു വേണ്ടേ വേണ്ട. ഞാൻ മതിയാക്കി! എന്റെ കൂട്ടുകാരും മതിയാക്കുവാൻ പോകുന്നു.

പുരുഷാർത്ഥം, മനനം, നിദിധ്യാസം, അഷ്ടാംഗയോഗം, ധ്യാനം, സമാധി, ബ്രഹ്മോഹംഭാവം, മോക്ഷം,—എന്നുവേണ്ട മറേറത്, മറച്ചേത്,-എല്ലാം—ഈ യാഥാസ്ഥിതികമഹാമക്കടങ്ങളുടെ മസ്തിഷ്കങ്ങളെ മാത്രം മങ്ങിച്ചു മയങ്ങിക്കിടക്കട്ടെ! നമുക്ക് ഇത്തരം സൊല്ലയൊന്നുമില്ലാത്ത 'വിടാപ്പിടിവിശ്വാസം' മതി. എന്തു സമാധാനം! എന്തു കുളിർമ!.

എ. എം.

---

ഭാര്യ: നിങ്ങൾ എന്നെ വിവാഹം ചെയ്തപ്പോൾ നിങ്ങൾ ഒരു ധീരനാണെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നത്.

ഭർത്താവ്: നീ മാത്രമല്ല; നിന്നെപ്പറ്റി അറിയുന്നവരൊക്കെയും അതുതന്നെയാണ് പറഞ്ഞത്.

* * * *

ഒരു ഐറിഷ് പ്രാസംഗികൻ പറയുകയാണ്: "കൂടി അവഷങ്ങളാണ്. അത് അയൽവക്കുകാരുമായി ശണ്ഠക്കു കാരണമായിത്തീരുന്നു. അത് നിങ്ങളുടെ ജന്മിയുടെ നേരെ വെടിവെക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു. എന്നു മാത്രമോ, വെടി വെക്കുമ്പോൾ അതു നിങ്ങളുടെ കൃറിയും തെറ്റിക്കുന്നു!"

# സഞ്ജയന്റെ എഴുത്തുപെട്ടി.

പി. എസ്സ്. എഴുത്തുകൾക്ക് മറുപടി എഴുതുന്നു!

മംഗളം.

സഞ്ജയോപനയരഞ്ജനാകലിതമാസികാ–
കൃതി ചമഞ്ഞൊരി–
സ്സഞ്ജയന്നു സരസം ജയം ഭവി സമഞ്ജസം
പരമണഞ്ഞിടാൻ
കഞ്ജനാഭനമലാഞ്ജനാഭനതി മഞ്ജുളാംഗ–
നഖിലേശനി
ന്നഞ്ജസാ കരളലിഞ്ഞു കൺമുനയെറിഞ്ഞു
കൊണ്ടിടുക മേൽക്കുമേൽ!

[ബലെ!—പി. എസ്സ്.]

മാസികയോട്.

(യമകപഞ്ചകം.)

വരഹ്രണങ്ങളിണങ്ങി വിളങ്ങിടും
സരസസഞ്ജയനൂതനമാസികേ,
പരമപൂരുഷ പൂർണ്ണകൃപാരസാൽ
പരമുദാരമുദാ വിജയിക്ക നീ.

സുകൃതിയല്ലിവനെങ്കിലുമെന്തയും
സുകൃതിയായിഹ നിന്നെ ലഭിക്കയാൽ
തകൃതിയായതിരറ്റതിരും രസ–
പ്രകൃതിയാം കൃതിയാലെ ലസിക്ക നീ.

നയമതീവ വിനോദവഴിക്കതി
പ്രിയതരം പ്രതിമാസമുരച്ചിനി
നിയതി പൂണ്ട ചിരം നിലനില്ക്ക നീ,
നിയതമായതമാനസമാപിതം.

നിരുപമാഗമയോഗ വിലാസിനീ,
സുരുചിരേ, സുമനോരസപോഷിണീ,
വിരുതയാം തവ കീർത്തി പുകഴ്ത്തിടാ
തൊരുവരാരുമ വരാംഗി, രൂഢിക്ക നീ!

പ്രണയമാർന്നിവിടത്തിലുമിന്നിമേ–
ലണയണം, രസവാർത്തകളോതണം.
തുണ നിനക്കരുളും പലരും മഹൽ
ഗ്രണമിതാണമിതാദര, മോമനേ!

കാരയാട്
25—3—36. } മാ. റാം.

"സഞ്ജയ"നെ പെണ്ണാക്കിയതിനെപ്പറ്റി മി: മാ. റാ. മിനോട് സ്വീകരിക്കുവല്ലതും പറയുവാനുണ്ടാകും. ഏതായാലും പി. എസ്സിന് അതു ബാധകമല്ലെന്ന് ആദ്യമേ അറിയിച്ചുകൊള്ളട്ടെ? "സഞ്ജയൻ" മാസികയല്ലേ? എന്നായിരിക്കാം കവിയുടെ സമാധാനം. അതും ശരിതന്നെ. "മാസികൻ" എന്ന് പുല്ലിംഗാന്തമായി പ്രയോഗിക്കാമെന്ന് ഏതെങ്കിലും സംസ്കൃതപണ്ഡിതൻ തീർച്ചപ്പെടുത്തി വിവരമറിയിച്ചാൽ മാത്രം പോര; അങ്ങിനെ പാടില്ലെന്ന് പിന്നീട് വേറെ വല്ല സംസ്കൃതപണ്ഡിതനും പറഞ്ഞാൽ ഉണ്ടാവുന്ന യുദ്ധത്തിൽ വെറും പാമരനായ പി. എസ്സിനെ സഹായിക്കാമെന്ന് ഏൽക്കുകക്രുടി വേണം. അതുവരെ, മി: മാറോമിന്റെ മംഗളത്തെ,മാസികയ്ക്കു വേണ്ടി, സഞ്ജയൻ സ്വീകരിക്കുന്നു; താനർഹിയ്ക്കാത്ത പ്രശംസയെ ആശിസ്സായി ഗണിച്ച്, കവിയോട് സവിനയം നന്ദിപറയുകയും ചെയ്യുന്നു.

* * * *

അരിയല്ലൂരിൽനിന്ന് "ഏപ്രിൽ ഫൂം" എന്ന പേരിൽ ഒരു സഞ്ജയബന്ധു എഴുതിയ സ്നേഹസുരഭിലവും ഭയാമസ്പുണവുമായ ഒരെഴുത്തിന്റെ ഒടുവിൽ ഇങ്ങിനെ പറയുന്നു: "നിങ്ങൾ ഏപ്രിൽ മാസത്തിൽ പുറപ്പെടുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഏപ്രിൽ എന്റെ മാസമാണ്: ഏപ്രിലിലാണ് ഞാനും പണ്ട് ജനിച്ചത്."

അങ്ങിനെയാണെങ്കിൽ "ഏപ്രിൽ ഫൂം" സ്ഥാനം നമ്മൾ രണ്ടാളും ഭാഗിച്ചെടുക്കണം. സഞ്ജയൻ ആദ്യത്തെപ്പകുതിയായ "ഏപ്രിൽ" സ്വീകരിച്ചിരിക്കുന്നു. നിങ്ങളോ?

നാടകരംഗം.

## മഴക്കു മുമ്പ്. *

രംഗം 1.

ദേവലോകത്തിലെ

സിക്രട്ടേരിയട്ട്.

[ഒരു ഒട്ടകത്തിന്നെറ്റക്കെ പൈലും പേറി ഒരു ഗുമസ്തൻ ഇന്ദ്രസഭാകെട്ടിടത്തിന്റെ കോണി കയറിപ്പോകുന്നു. വേറൊരു ഗുമസ്തൻ ഇറങ്ങിവരുന്നു. കോണിപ്പടവിന്മേൽവെച്ചാണ് താഴെ ചേക്കുന്ന സംഭാഷണം നടക്കുന്നത്. ഇത് സാധാരണ സ്റ്റെയിജിന്മേൽ ഏറ്റുപ്പാട്ടു ചെയ്യുവാൻ വിഷമമെന്ന് ആവലാതിപ്പെടുന്നവരോട്, ശ്രീ: ജി. ശങ്കരക്കുറുപ്പവർകളുടെ "ഇരുട്ടിന്നു മുമ്പ്" എന്ന നാടകം പോലെ, ഈ നാടകവും അഭിനയിക്കുവാൻ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് പി. എസ്സ്. സമാധാനം പറയുന്നു.]

കയറിപ്പോകുന്ന ഗുമസ്തൻ:—കാലൻ മുറിയിൽത്തന്നെയുണ്ടോ?

ഇറങ്ങിവരുന്ന ഗുമസ്തൻ:—ഉണ്ടുണ്ട്! മറെറവിടെപ്പോകാനാണ്! (നാലു പുറവും നോക്കിക്കൊണ്ട്, പതുക്കെ) എന്നാൽ ഞാൻ പറയട്ടെ? അളകം പ്രായമായാൽ ഉത്തരവാദിത്വമുള്ള ജോലികളിൽനിന്ന് വിരമിച്ച് മിണ്ടാതെ ഒരിടത്തിരുന്ന് ഈശ്വരധ്യാനം ചെയ്യുകയാണ് വേണ്ടത്. ഇല്ലെങ്കിൽ കുഴപ്പമുണ്ട്; വലിയ കുഴപ്പമുണ്ട്.

കയറിപ്പോകുന്ന ഗുമസ്തൻ:—തനിക്കെന്തു പറ്റി?

ഇറങ്ങിവരുന്ന ഗുമസ്തൻ:—അതൊന്നും പറയേണ്ട. മൂപ്പീന്നിന്ന് ഒരൊറ കായ്മും ഓമ്മയില്ല. വയസ്സു പറയുവാൻ നിലവിലുള്ള സംഖ്യകൾ മതിയാകുമെന്നുകൂടിത്തോന്നുന്നില്ല. ഓരോ ദിവസം പ്രായമധികമാകുംതോറും മറവിയോടൊപ്പം ഭീശ്ശീലവും കൂടിവരികയാണ്. ആയിരം കണ്ണിന്ന് അരപ്പലം ബുദ്ധിയെങ്കിലും ഇല്ലെങ്കിൽ, ഇല്ലാത്ത കുറവും കാണും.

കയറിപ്പോകുന്ന ഗുമസ്തൻ:—കായ്മെന്തായിരുന്നു? തന്നോട് ശണ്ഠകൂടിയോ?

ഇറങ്ങിവരുന്ന ഗുമസ്തൻ:—ഫ്ശ്! അതിന്റെ കഥയാണ് ഞാൻ പറയുന്നത്. ഇക്കൊല്ലത്തെ യാഗങ്ങളുടെ സ്റ്റോറ്മെണ്ട് ശരിയല്ല പോലും! ഒരൊറ യാഗം ഭ്രമിയിൽ ഇക്കൊല്ലം നടന്നിട്ടില്ല. സനാതനികം ഇന്ത്യയിലുള്ളടത്തോളം അത് വരാൻ പാടില്ലെന്ന് അങ്ങോർ ശഠിക്കുന്നു. ആയിരക്കണക്കായി ഇന്നും യാഗങ്ങൾ നടക്കുന്നുണ്ടെന്നും, ഇല്ലെന്ന് ഞാനും യാഗ ഇൻസ്പെക്ടരുംകൂടി ഒത്ത് കള്ളക്കണക്ക് കാണിക്കുകയാണെന്നും ഒരു വിധാൻ മനസ്സിലാക്കിയാൽ എന്തു ചെയ്യും? അവയുടെ പുകയൊക്കെ പാർസലായി വരുന്നത് ഞങ്ങൾ പൊളിച്ചു ഭക്ഷിക്കുകയാണത്രെ! എനിക്ക് വാസ്തവത്തിൽ ഇതു കേട്ടപ്പോൾ പൈൽ മുഴുവൻ അങ്ങോരുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞു കടന്നുപോയാലോ എന്നുകൂടി തോന്നിപ്പോയി.

---

* മീനത്തിലെ മഴയുടെ കാരണത്തെപ്പറ്റി നമ്മുടെ ഡിസ്ട്രിക്ട് സ്റ്റേഷൻ കമ്മീഷണർ സഞ്ജയനു സമ്മാനിച്ച ഒരു ഉപഹത്തെ, കൃതജ്ഞതാപൂർവ്വം, അടിസ്ഥാനപ്പെടുത്തി എഴുതപ്പെട്ടത്.

ക. പോ. ഗ്ര:—പറഞ്ഞിട്ടെന്താണ്, ചങ്ങാതി! വയറുപിഴപ്പിന്നു വേണ്ടി ലോകം എന്തെല്ലാം കണ്ണുടച്ചു സഹിക്കേണ്ടി വരുന്നു! എനിക്കങ്ങിനെ തോന്നാഞ്ഞിട്ടാണോ? "ഡിസ്മിസ്!" എന്നു പറഞ്ഞുച്ചാൽ പിന്നെ എന്തു ചെയ്യും? എവിടെപ്പോകും?

ഇ. വ. ഗ്ര:—അതെയതെ!—അതു തന്നെ. അവക്കൊരു വാക്കേ ചെലവാക്കേണ്ട. ഇങ്ങു തുലയുന്നത് ഒരു ജീവിതമാണ്. അതിരിക്കട്ടെ, താൻ ഏതു ഫൈലും കൊണ്ടാണ് പൊകുന്നത്?

ക. പോ. ഗ്ര:—മഴ—കൃഷി.

ഇ. വ. ഗ്ര:—ഇപ്പോൾ പോകണ്ട. യാഗങ്ങളുടെ കായ്ത്തിൽ മുഷിഞ്ഞിരിക്കുന്ന സമയത്ത് മഴയുടെ കായ്ം പറയുന്നത് "മധ്യേ വൃഷ്ടിഭയം" എന്ന പോലെയായിരിക്കും.

ക. പോ. ഗ്ര:—എന്തു കഴുവെങ്കിലും ആകട്ടെ. ഇതു കഴിഞ്ഞാൽ വേറെ ഒരു ഫൈൽ കാണിക്കാനുണ്ട്. അതും അടിയന്തരമാണ്. ഫൈൽ താമസിപ്പിച്ചതിന്ന് കേസു വേറെയുണ്ടാകും. ചീത്ത പറഞ്ഞാൽ കേൾക്കാം. അങ്ങോട്ടു പറയാൻ കഴിയാഞ്ഞിട്ടല്ല പറയാത്തതെന്നു അങ്ങോക്കുകൂടി ബോധ്യമാകുന്ന സംഗതിയല്ലേ? ഞാൻ പോട്ടെ! തന്റെ തൊപ്പി തരൂ!

ഇ. വ. ഗ്ര:—ദൈവം തന്നെ രക്ഷിക്കട്ടെ! തൊപ്പിയിതാ!

[മേലോട്ടുപോകുന്ന ഗ്രമസ്ഥൻ തൊപ്പി ധരിച്ച് മേലോട്ടുതന്നെ കയറുകയും, കീഴ്പോട്ടിറങ്ങുന്ന ഗ്രമസ്ഥൻ, തൊപ്പിയില്ലാതെ, കീഴ്പ്പോട്ടേക്കുതന്നെ പോകുകയും ചെയ്യുന്നു.]

രംഗം 2.

ദേവേന്ദ്രന്റെ ആപ്പീസുമുറി.

[അമൃതുകൊണ്ട് മരണമില്ലെന്നുള്ള നിർഭാഗ്യം അനുഭവിക്കുവാൻ ഇട വന്നിട്ടുണ്ടെങ്കിലും, പ്രസ്തുത അമൃതിന്റെ ഓവർഡോസെടുത്തിട്ടുകൂടി കാഴ്ചക്കുറവും, ചെവികേൾക്കായ്മയും വാർധക്യത്തിന്റെ ദുശ്ശീലവും പരിഹരിക്കുവാൻ സാധിക്കാതെ കുഴങ്ങിയിരിക്കുന്ന ദേവേന്ദ്രൻ തന്റെ കസാലയിൽ ആയിരം കണ്ണിലും പതിനാലു ലോകങ്ങളുടെയും നേരെ ഈർഷ്യ സ്ഫുരിപ്പിച്ചുകൊണ്ട് ഇരിക്കുന്നു. മേശയുടെ ഒരു വശത്ത് ഒന്നാം രംഗത്തിന്റെ ഒടുവിൽ കോണിക്കയറിപ്പോയ ഗ്രമസ്ഥൻ പഞ്ചപുച്ഛമടക്കി, ഇടത്തു കൈ കൊണ്ട് കോട്ടിന്റെ കുടുക്കു തിരിച്ചും, വലത്തു കൈ വിലങ്ങനെ, ഔപചാരികമായി, മൂക്കിന്നടിയിൽ തർജ്ജനികൊണ്ട് അധരം സ്പൃശിക്കുമാറ്, പിടിച്ചും നിൽക്കുന്നു. കുടുക്കുതിരി "നെർവസ്നെസ്സി"ന്റെയും, താടി മറയ്ക്കൽ ബഹുമാനത്തിന്റെയും സന്തതികളാണെന്ന് പറയേണ്ടതില്ലല്ലോ.]

ദേവേന്ദ്രൻ:—കേരളത്തിലെ കൃഷ്കന്മാരുടെ നിലവിളിയുടെ കോപ്പി വായുവെത്തിച്ചു തന്നിട്ടു ദിവസമെത്രയായി?

ഗ്രമസ്ഥൻ:—(പതുക്കെ) എഴുപതു ദിവസം.

ദേ:—നിങ്ങൾ കുറെ ഉറക്കെ പറയിൻ, ഹേ! എന്താണ് ഇതിൽ ഇത്ര രഹസ്യം?

ഗ്രേ:—(ബഹുമാനത്തിന്റെ പരിധിയിൽ പ്പെട്ടതാവുന്ന ഒച്ചയോടുകൂടി.) ഏഴപതു ദിവസം.

ദേ:—നിങ്ങൾക്ക് അതെന്റെ മുഖത്തു നോക്കിപ്പറയുവാൻ ലജ്ജയില്ലാതെ പോയല്ലോ! ഏഴപതു ദിവസമെന്ന് നിങ്ങൾ പറഞ്ഞത് മനുഷ്യലോകത്തിലെ സമയക്കണക്കു തന്നെയല്ലേ?

ഗ്രേ:—അതെ.

ദേ:—ഭാഗ്യം!—ഞാൻ വിചാരിച്ചു, ദേവലോകത്തിലെ കണക്കാണെന്ന്! യൂ ആർ കെയ്പബ്ൾ ഓഫോൾ ദേറ്റ്! എന്തുകൊണ്ടാണ് ഇത് ഇതുവരെ എന്നെ കാണിക്കാതിരുന്നത്?

ഗ്രേ:—തുലാവഷ്ക്കാറ്റിനൊപ്പറ്റി ആവലാതി വന്നതു, ധനുവിലാണ്. അപ്പോൾ മഴ അയച്ചു കൊടുത്താൽ ലോകത്തിലെ സീസൺ തന്നെ മാറിപ്പോകും.

ദേ:—നോൺസെൻസ്! ഷട്ടപ്പ്! നിങ്ങളോട് നിങ്ങളുടെ ഡ്യൂട്ടി നോക്കുവാൻ ഞാൻ എത്ര പ്രാവശ്യം പറഞ്ഞു? ഹോ, ലോകത്തിലുള്ള സീസൺ പോലിസിയെ നിലനിറുത്തുന്ന യോഗ്യൻ! സീസൺ മാറിപ്പോകും പോലും! താനാരാണെന്നാണ് വിചാരിക്കുന്നത്? വൈകുണ്ഠത്തിലെ ബോർഡു മെമ്പരോ? ഭൂമിയിൽ ഇത് ഏതാണ് മാസം?

ഗ്രേ:—മീനം.

ദേ:—(കൈ ചുരുട്ടി മേശപ്പുറത്ത് ഇടിക്കുന്നു. ഒരു മഷിക്കുപ്പി സ്ഥാനത്തു നിന്ന് മേല്പോട്ട ചാടി, കാളിദാസന്റെതാണെന്നു പറയപ്പെടുന്ന ശ്ലോകത്തിലെ ഉത്പലത്തെപ്പോലെ, ദേവ"പ്രസാദായ പപാത പാദയോഃ".) ഹര, ഹര, ഹര! മിഥുനമോ? എനിയും മഴ തുറന്നു വിടാൻ താൻ ഓർഡർ എഴുതി അയച്ചില്ലെന്നോ? യൂ ഇഡിയട്ട്! തനിക്ക് ഞാൻ ഒരു ബ്ലേക്ക് മാർക്ക് തന്നിരിക്കുന്നു. ഗെറൗട്ട്! ഒരക്ഷരം കേൾക്കരുത്! ഗെറ്റ്—ഗെറൗട്ട്!—ഈ നിമിഷം മേഘങ്ങളെ ഡിസ്പാച്ച് ചെയ്യുവാനുള്ള ഓർഡർ എഴുതിക്കൊണ്ടു വന്നില്ലെങ്കിൽ തന്നെ ഡിസ്മിസ് ചെയ്യും. ഗെറൗട്ട്!

ഗ്രേ:—മിഥുനമല്ല—

ദേ:—(ചാടിയെഴുന്നേറ്റ്) എന്നോടു വാദത്തിനു നില്ക്കുന്നോ? ഗെറൗട്ട്! പ്യൂൺ!

പുറത്തുനിന്ന്:— സാ-ാ-ാ-ർ!

(ഗ്രമസ്തൻ ഓടി വാതിൽ കടന്നു ചാടുമ്പോൾ പടി തടഞ്ഞു വരാന്തയിലേക്ക് കമിഴ്ന്നു വീഴുന്നു. ഉത്തരക്ഷണത്തിൽ, അണിയറയിൽ സെക്കൻറിന്നു പത്തു വീതം കോണിപ്പടികൾ ഇറങ്ങുന്ന കോലാഹലം)

കർട്ടൻ.

---

രംഗം 3.

[കിതച്ചുകൊണ്ട് തന്റെ കസാലയിൽ ഇരിക്കുന്ന ഗ്രമസ്തൻ സ്റ്റെയിജിന്മേൽ പ്രത്യക്ഷപ്പെടുന്നു.]

ഗ്:—[ഒരു കടലാസ്സ് ഇടത്തു കയ്യിൽ നിവത്തിപ്പിടിച്ച്", ആത്മഗതം]

നശിക്കട്ടെ! എനിക്കെന്താ? ഇതിന്നും കുറേം ഒടുവിൽ എന്റെ തലക്കാണ് വന്നുചേരുക. അതെനിക്കറിയാം. ഏതായാലും നാലു ദിവസത്തെ വഹക്കേ ഞാൻ മേഘങ്ങളെ ഡിസ്പാച്ച് ചെയ്യുന്നുള്ളൂ. അതുകൊണ്ട് ഒരു പക്ഷെ ഗ്രണമേ ഉണ്ടാവുകയുള്ളൂ എന്നു തോന്നുന്നു. അധികമായാൽ നിവേദനങ്ങളും, നിലവിളിയും വീണ്ടും വരുന്നതു കാണാം. തിരുവാതിര ഞാറ്റുവേലയെ ലായം തുറന്ന് വിടുവാൻ കല്പിക്കാഞ്ഞത് കേരളത്തിന്റെ മഹാഭാഗ്യം. ഈശ്വര! ഈശ്വര! ബാക്കി എന്തു നരകം അനുഭവിപ്പിച്ചാലും എനിയത്തെ ജന്മം ഈ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിൽ ഒരു ഗ്രമസ്ഥനായി എന്നെ ജനിപ്പിക്കരുതേ!—

[എന്ന് കടലാസ്സു മടക്കി ഡിസ്പാച്ചു സെക്ഷനിലേക്കു പോകേണ്ടുന്ന ഫൈലിൽ വെക്കുന്നു.]

കർട്ടൻ

——

സമാപ്തം.

അമ്മ: (അച്ഛനോട്) നമ്മളുടെ ബാലന്റെ ബുദ്ധി ചില്ലറയല്ല.

അച്ഛൻ: എങ്ങിനെ കണ്ടുപിടിച്ചു?

അമ്മ: ഒരു കൂട്ടമായിപ്പോകുന്ന ആടുകളുടെ എണ്ണമറിയുവാൻ അവൻ ഒരെളുപ്പവിദ്യ കണ്ടുപിടിച്ചിരിക്കുന്നു.

അച്ഛൻ: നേരോ? എന്താണാ വിദ്യ?

അമ്മ: അവയുടെ ആകെ കാലുകളും എണ്ണിക്കിട്ടുന്ന സംഖ്യയെ നാലുകൊണ്ടു ഹരിച്ചാൽ മതിയത്രെ!

ചെറുകഥാങ്കണം.

## കഥയില്ലാത്ത കഥ.

മുഖവുര.

ഞങ്ങൾ കുഴങ്ങിപ്പോയി. ഞങ്ങൾ കുഴങ്ങി, മറിഞ്ഞു, അമ്പരന്നു, വിശന്നു, വേശാറായി, വശംകെട്ടു, അലഞ്ഞു, തിരിഞ്ഞു, ലൂട്ടിമസ്സായിപ്പോയി.

ഞങ്ങൾക്ക് ഒരു ചെറുകഥാങ്കണമുണ്ട്; പക്ഷെ ഞങ്ങൾക്ക് ഒരു ചെറുകഥയില്ല. എന്തു ചെയ്യുമെന്ന് ശോഭ്യം.

ആരും കഥകളയച്ചില്ലേ? അയച്ചു; നാലു കഥകൾ കിട്ടീട്ടുണ്ട്. അവ നല്ലവയല്ലേ? ഒന്ന്, അതെ; മറ്റു രണ്ടെണ്ണം കൊള്ളിക്കാം; ഒന്ന് നന്നായിട്ടില്ല. എന്നാൽ കൊള്ളുന്ന ഒന്നിനെ എടുക്കരുതോ? കൊള്ളിക്കാവുന്ന രണ്ടെണ്ണത്തിനെ കൊള്ളിക്കരുതോ?

വയ്യാ, സാറേ! നല്ലതെല്ലാം "സഞ്ജയ"ന്റെ പേജുകളിൽ വന്നുകൂടാ. 'ബ്രഹ്മാരണ്യകോപനിഷത്ത്' മോശമാണോ? 'കണ്ണുനീർത്തുള്ളി' കൊള്ളരുതാത്തതാണോ? ഷേക്സ്പിയരുടെ 'മാക്ബെത്തി'ലെ കഥ ഒരു പൊട്ടക്കഥയാണോ?.....

"ശങ്കര, ശിവ, ശിവ! ചേരാത്തുള്ളതു ശങ്കിച്ചവനൊരബദ്ധക്കാരൻ!"

അല്ലേ?—അതെ!

പക്ഷെ അവയിലൊന്നുംതന്നെ "സഞ്ജയ"ന്നു പറ്റിയതല്ല. നാടകത്തിലെ വിദൂഷകൻ ത്യാഗരാജകീർത്തനവും പാടിക്കൊണ്ട് സ്റ്റെയിജിന്മേൽ വന്നാൽ,

സംഗീതജ്ഞന്മാർ ചീയേഴ്സ് വിളിച്ചാലും, നാടകമാനേജർ അയാളെ ശമ്പളബാക്കി കൊടുത്തു പിരിച്ചയക്കേണ്ടിവരും. അതാണ് തരക്കേട്.

ശരി; എന്നാൽ ഞങ്ങൾക്ക് ഒരു കഥയെഴുതരുതോ? എന്ന് നിങ്ങൾ ചോദിക്കും. അതാണ് ഞങ്ങൾക്കു വയ്യാത്ത പത്തുലക്ഷം കായ്ങ്ങളിലൊന്ന്. ഞങ്ങൾക്ക് ഒരു പ്ലോട്ടുണ്ടാക്കുവാൻ അറിഞ്ഞൂകൂടാ; നാലാൾ കേട്ടാൽ നടക്കുന്ന ഒരു കളവ് കെട്ടിയുണ്ടാക്കുവാൻ ഞങ്ങൾക്കു കെല്പില്ല.

ഇതു ഞങ്ങൾ ആത്മവിശ്വാസക്കുറവുകൊണ്ട് പറയുന്നതല്ല: ഞങ്ങളെപ്പോലെ ആത്മവിശ്വാസമുള്ള ക്ലർക്കർ ചുരുങ്ങും. പക്ഷെ അശക്തി സമ്മതിക്കാതിരിക്കുന്നത് ആത്മവിശ്വാസത്തിന്റെ അഭാവമല്ല; അധികപ്രസംഗത്തിന്റെ ഭാവമായിരിക്കും. ഞങ്ങളുടെ ഈ വിഷയത്തിലുള്ള അശക്തി ഞങ്ങൾ പരിശോധിച്ചറിഞ്ഞതാണ്. ഞാൻ ഒരു കഥയെഴുതി. അത് ഞാൻ ഒന്നു വായിച്ചു. എനിക്കു പിടിച്ചില്ല. മി: ശൈനകനെ വായിച്ചു കേൾപ്പിച്ചു. അങ്ങോക്ക് തീരെ പിടിച്ചില്ല പക്ഷേ വഴിക്ക് ആ ദേഹം ഉറക്കം അഭിനയിച്ച് കണ്ണടച്ച് കിടന്നുകളഞ്ഞു. അങ്ങിനെയാണ് ഞങ്ങളുടെ അശക്തി വെളിപ്പെട്ടത്. ഒരാൾക്കെങ്കിലും ആ കഥ നടന്നതാണെന്നു വിശ്വസിക്കാൻ വയ്യ; അതിലൊരു പ്ലോട്ടില്ല; അതിലെ സംഭാഷണരീതി സ്വാഭാവികമാണെന്ന് പറയാൻ കരളുറപ്പുള്ള വിമർശകന്മാർ ചുരുങ്ങും, പക്ഷേ മറ്റൊന്നുമില്ലാത്ത സ്ഥിതിക്ക് ഞങ്ങൾ അതു പബ്ലിഷ് ചെയ്യാൻ തീച്ചപ്പെടുത്തിയിരിക്കുന്നു. കഥയെഴുതേണ്ടത് എങ്ങിനെയെന്ന് നിർദ്ദേശിക്കുവാനല്ല ഞങ്ങൾ അങ്ങിനെ ചെയ്യുന്നത്; എങ്ങിനെയാണ് എഴുതാതിരിക്കേണ്ടതെന്ന് ചൂണ്ടിക്കാണിക്കുവാനാണ്. ഞങ്ങളുടെ അശക്തിയ്ക്ക് അതെങ്കിലും ചെയ്യാൻ സാധിച്ചാൽ അത് ഗണ്യമായ ഒരു പുണ്യമല്ലേ? ഞങ്ങളുടെ കഥ കേൾക്കിൻ:

## I

അരുണോദയമായി. പക്ഷികൾ പാടിത്തുടങ്ങി. നക്ഷത്രങ്ങൾ മങ്ങിത്തുടങ്ങി. സൂര്യൻ ഉദിച്ചു തുടങ്ങി. ചന്ദ്രൻ അസ്തമിച്ചു തുടങ്ങി. കാറ്റു വീശിത്തുടങ്ങി. പൂക്കൾ വിരിഞ്ഞുതുടങ്ങി. കാപ്പിക്ലബ്ബ് കാർ ഇഡ്ഡലികൾ ഡസൻ കണക്കായി നിർമ്മിച്ചുതുടങ്ങി.

ഈ ശുഭവേളയിൽ ലീലയും അവളുടെ ദാസി ലക്ഷ്മിയും തമ്മിൽ താഴെ ചേർക്കുന്ന സംഭാഷണം നടന്നു:—

ലീല:—ലക്ഷ്മീ, കുമാരമേനോൻ ഇന്നു വരുമെന്നു നീ ആന്തരമായും ആത്മാർത്ഥമായും വിശ്വസിക്കുന്നുണ്ടോ?

ലക്ഷ്മി:—സന്നിശ്ചയസ്ഥിതിയിലാണുള്ളത്. അമ്മേ, ഭവിതവ്യത്തിന്നു കവാടനിരോധമുണ്ടോ?

ലീല:—ഇല്ല; എങ്കിലും എനിക്കൊരു സംശയം.

## II

അന്നു വൈകുന്നേരം കുമാരമേനോൻ എത്തി. ലീല പറഞ്ഞു: "ഹാ, എന്റെ

പ്രാണനാഥ! അവിടത്തെ പൂർണ്ണചന്ദ്രോപമമായ ആസ്യപങ്കജത്തെ എന്തോ ഒരു വ്യസനത്തിന്റെ കാർമേഘം വന്നാക്രമിച്ചതുപോലെ കാണപ്പെടുന്നുവല്ലോ! അങ്ങയുടെ സുഖദുഃഖങ്ങളിൽ ഭാഗഭാക്കാകേണ്ടുന്നവളായ എന്നെ അതറിയിക്കുന്നതിൽ എന്റെ ജീവനാഥൻ എന്തിന്നു സങ്കുചിതനായിത്തീരണം?"

കു. മേ:—ഹാ, എന്റെ പ്രേമഭാജനമേ, ഭവതിയുടെ വിശ്വാസം എന്നെ ദഹിപ്പിക്കുന്നു! ഓമനേ, ഞാനെന്തു പറയട്ടെ!

ലീല:—അയ്യോ, വേഗം പറയണേ! ഞാൻ ദുർഭരമായ ഉത്കണ്ഠയാലും, ഹൃദയാന്തർഭേദമായ ആശങ്കയാലും തരളിതയായിത്തീർന്നിരിക്കുന്നു.

പക്ഷെ ഇതിന്ന് പ്രത്യുത്തരമൊന്നും വദിക്കാതെ കുമാരമേനോൻ പടിവാതിൽ കടന്നു ചാടിപ്പോയി.....

## III

ഇടവപ്പാതി പൊടിപൊടിക്കുന്നു. ആകാശത്തിൽ കാർമേഘനിരകൾ ഇടതൂർന്നു തിങ്ങിപ്പരന്ന് നൈശതമസ്സിനെ ശതഗുണീഭവിപ്പിക്കുന്നു. ചണ്ഡമാരുതൻ വൃക്ഷശാഖകളെ കമ്പിപ്പിക്കുമ്പോൾ, ഇലത്തുമ്പുകളിൽനിന്ന് ജലകണങ്ങൾ വർഷിക്കുന്നു. ഇടി വെട്ടുന്നു. മിന്നൽപ്പിണർ ചിന്നുന്നു. മണ്ഡൂകചണ്ഡാരവം ദിങ്മുഖങ്ങളെ മുഖരിതങ്ങളാക്കുന്നു. ഭയംകരം! ഭീമം! രൗദ്രം! ഗംഭീരം! ഭയാനകം!

മൂങ്ങകൾ മൂളുന്നു, എന്നു പറയാൻ വിട്ടുപോയതാണ്.

ഈ പ്രകൃതിശക്തികളുടെ ഘോരവിപ്ലവത്തെ ഗണിക്കാതെ ഒരാൾ, ഇതാ, വാനാന്തരത്തിലൂടെ പാഞ്ഞുപോകുന്നു. അദ്ദേഹം കുമാരമേനോനാണെന്ന് വായനക്കാർ ശങ്കിക്കുന്നുണ്ടെങ്കിൽ ആ ശങ്ക എതുയും ശരിയാണ്. അദ്ദേഹം കുമാരമേനോനല്ലാതെ മറ്റാരുമല്ല. പതിനഞ്ചു ദിവസമായി അദ്ദേഹത്തിന്നു ചിത്തഭ്രമം തുടങ്ങീട്ട്: കഴിഞ്ഞ ഏഴു ദിവസമായി അദ്ദേഹത്തെ വീട്ടുകാർ ഒരു മുറിയിലിട്ടടച്ചു പൂട്ടിയിരിക്കുകയായിരുന്നു. ഇന്ന് രാത്രി അദ്ദേഹം പല്ലുകൊണ്ട് മുറിയുടെ ഇരുമ്പഴികൾ കടിച്ചു മുറിച്ച് വെളിയിലേക്കു ചാടി ഓടി. ആ ഓട്ടമാണ് ഇവിടെ വർണ്ണിക്കപ്പെട്ടത്. അദ്ദേഹം ഒരെഴുത്തു ചുരുട്ടി കയ്യിൽ പിടിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭ്രാന്തിന്നു കാരണമായ എഴുത്താണത്. അതു കിട്ടിയതോട്ടുകൂടി അദ്ദേഹത്തിന്നു ഇളകിയിരിക്കുന്നു. അതിൽ പിന്നീട് അദ്ദേഹം ആ എഴുത്ത് കയ്യിൽനിന്നു വിട്ടിട്ടില്ല. ഇപ്പോഴും അയാൾ മിന്നലിന്റെ വെളിച്ചത്തിൽ അതു വായിക്കുവാൻ ശ്രമിക്കുകയാണ്. എഴുത്ത് ഇതാ:

"പ്രാണനാഥാ,

ഒരു പ്രാവശ്യം കൂടി ഞാൻ അങ്ങയെ അങ്ങിനെ അഭിസംബോധനം ചെയ്തുകൊള്ളട്ടെ? എനിക്ക് കാര്യമെല്ലാം മനസ്സിലായി. അവിടുന്ന് അന്യസ്ത്രീയിൽ അനുരക്തനായി അവളെ വിവാഹം ചെയ്യാൻ പോകുന്നുണ്ടെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ടാണ് അങ്ങന്ന്

ഇന്നലെ പെട്ടെന്ന് പാഞ്ഞുപോയതെന്നും മനസ്സിലായി. എനിക്ക് എനി പറയാനുള്ളതൊക്കെ "രാധയുടെ കൃതാർത്ഥത" എന്ന വള്ളത്തോൾകവിതയിൽ പറഞ്ഞിട്ടുണ്ട്. അവിടുന്ന് സമയമുള്ളപ്പോൾ അതു വായിച്ചുനോക്കണമെന്നേ ഈ ഹതഭാഗ്യ അവസാനമായി അപേക്ഷിക്കുന്നുള്ളൂ.

ഞാനോ? ഹാ! ഞാൻ ബദര്യാശ്രമത്തിലേക്ക് സന്യസിക്കുവാൻ പോകുന്നു!

എന്ന്, മരിച്ചാലും അങ്ങയുടെ,

ലീല."

## IV

പിറേറ ദിവസത്തെ മദ്രാസ് മെയിൽ കോഴിക്കോടാപ്പീസു വിടാറായി. അതാ, ഒരാൾ ടിക്കറ്റു വാങ്ങുവാൻ പണമില്ലാത്തതിനാലും, ടിക്കറ്റു വാങ്ങാതെ വണ്ടിയിൽക്കയറി ബദര്യാശ്രമംവരെ എത്തുന്നത് എളുപ്പപ്പണിയല്ലെന്ന് ആലോചിക്കുവാൻ വേണ്ടുന്ന പ്രജ്ഞയില്ലാത്തതിനാലും, പ്ലാറ്റ്ഫോറത്തിലേക്കു ഇരിമ്പു വേലി കടന്നു ചാടിയെത്തുന്നു. "ഭ്രാന്തൻ!" എന്ന ഒരു ശബ്ദം പ്ലാറ്റ്ഫോറത്തിൽ മുഴങ്ങി. അയാളെ ആളുകൾ പിടിക്കുടുന്നു. "ലീലേ, ലീലേ! ഞാൻ മറ്റാരെയും സ്നേഹിക്കുന്നില്ല; സ്നേഹിച്ചിട്ടില്ല; സ്നേഹിക്കുകയില്ല. അന്ന് ഞാൻ ചാടിപ്പോയത് ഭവതിക്കു സമ്മാനമായി തരാൻ വാങ്ങിയിരുന്ന ഫിഡിൽ വീട്ടിൽവെച്ചു മറന്നു പോയതുകൊണ്ടായിരുന്നു! അയ്യോ, ലീലേ! ലീലേ! ലീലേ!" എന്നാണ് ആ ഭ്രാന്തൻ നിലവിളിച്ചു പറയുന്നത്. വണ്ടി നീങ്ങിത്തുടങ്ങി.

## V

വണ്ടിയിലെ രണ്ടാം ക്ലാസു മുറികളും ഭ്രാന്തൻ നിൽക്കുന്നതിന്റെ അടുത്തുകൂടി നീങ്ങുന്നു. അവയിലൊന്നിലേക്ക് അയാളും നോക്കി. ഹാ, അപ്പോൾ കണ്ട കാഴ്ച! അതിൽ രണ്ടാളുകളേ ഉള്ളൂ: ഒരു പുരുഷനും ഒരു സ്ത്രീയും. സ്ത്രീ നമ്മുടെ കഥാനായികയായ ലീലയാണ്. പുരുഷൻ ഒരു തീപ്പെട്ടിക്കമ്പനിയിലെ മാനേജരായ മി: രാധാകൃഷ്ണൻ നായരാണ്. അയാളെ കുമാരമേനോനറിയാം. മി: നായർ ലീലയുടെ കേശപാശത്തിൽ ഒരു പനിനീർപ്പൂവ് അണിയിക്കുകയാണ്! ലീല മന്ദഹസിച്ചുകൊണ്ട് വണ്ടിക്കിടക്കയിന്മേൽ ചുരുട്ടിവെച്ചിരുന്ന സ്വന്തം കിടക്കമേൽ ചാരിക്കിടക്കുന്നു!!

## VI

ഇതു കണ്ടതോടുകൂടി കുമാരമേനോന്റെ ഭ്രാന്തു പകുതി പോയി. അദ്ദേഹം നാലു പുറവുമുള്ളവരോട് ക്ഷമാപണം ചെയ്യുന്നു. അയാളം ഭ്രാന്തനല്ല, കുറച്ച് ഓവർഡോസായിപ്പോയ ഒരു 'ഡീസ് ബോദം'കാരൻ മാത്രമാണെന്ന് മനസ്സിലാക്കി, പ്ലാറ്റ്ഫോറത്തിലെ കൺസ്റ്റേബ്ൾ അയാളെ പിരടി പിടിച്ചു പുറത്താക്കുന്നു.

## VII

കുമാരമേനോൻ പുറത്തിറങ്ങി, കൈവശമുണ്ടായിരുന്ന ചില്വാനം പൈസ്സകൊണ്ട് ഒരു വർത്തമാനപത്രം വാങ്ങി.

അതു നിവർത്തിയപ്പോൾ കേരളവാർത്തകളുടെ കൂട്ടത്തിൽ താഴെ ചേർക്കുന്ന കുറിപ്പ് അദ്ദേഹത്തിന്റെ ശ്രദ്ധയെ ഹഠാദാകർഷിച്ചു:—

"വിവാഹം:— പെൻഷൻ സബ്ബ്റജിസ്ട്രാർ ഉക്കണ്ടപ്പണിക്കരുടെ നവമപുത്രിയായ ശ്രീമതി ചക്കരക്കണ്ടത്തിൽ ലീലാവതി അമ്മയും, കാരപ്രം സേഫ്ടി മാച്ച് മാനുഫാക്ചറിങ്ങ് കമ്പനി മാനേജർ മി: രാധാകൃഷ്ണൻ നായരും തമ്മിലുള്ള വിവാഹം കോഴിക്കോട്ടുള്ള വധൂഗൃഹത്തിൽവെച്ച് മിനിഞ്ഞാന്ന രാത്രി സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു."

അതിന്നടിയിൽ വേറൊരു കുറിപ്പുണ്ടായിരുന്നു.

"ചാടിപ്പോയി:— അല്പദിവസമായി ചിത്തഭ്രമം നിമിത്തം സഭവനത്തിൽ ഒരു പ്രത്യേക മുറിയിൽ ബന്ധനസ്ഥനാക്കപ്പെട്ടിരുന്ന പത്മജാബാങ്കിലെ ക്യാഷ്കീപ്പർ മി: കുമാരമേനോൻ മിനിഞ്ഞാന്ന രാത്രി മുറിയുടെ ജനലിന്റെ ഇരുമ്പഴികൾ എങ്ങിനെയോ മുറിച്ച് ചാടിപ്പോയിരിക്കുന്നു. ഇതുവരെ മേപ്പടിയാനെ കണ്ടുകിട്ടീട്ടില്ലെന്നാണറിയുന്നത്."

കുമാരമേനോൻ ചിരിച്ചു. "ചിത്തഭ്രമം!..... അവക്കാണ് ചിത്തഭ്രമം!" എന്നു പറഞ്ഞ് അദ്ദേഹം വർത്തമാനക്കടലാസ്സു മടക്കി കക്ഷത്തിൽവെച്ച്, ഒരു ഷെയ്വിന്നുവേണ്ടി, അടുത്തുള്ള സലൂണിൽ കയറി.

അദ്ദേഹത്തിന്റെ ഭ്രാന്തു മുഴുവൻ മാറിയിരുന്നു!

---

ഉപയോഗിച്ച കാറുകൾ വിൽക്കുന്ന ഒരു വ്യാപാരിയുടെ ഷെഡ്ഡിൽ പൊളിഞ്ഞു പാളീസ്സായ ഒരു കാറിന്മേൽ താഴെ ചേർക്കുന്ന പരസ്യം തൂക്കീട്ടുണ്ടായിരുന്നു: "100രൂപ്പികക്ക് ഈ കാർ കൊണ്ടുപോവാൻ ആരെങ്കിലുമുണ്ടോ?"

പരസ്യം വായിച്ച ഒരാൾ അടുത്തു ചെന്ന് മാനേജരോട് പറഞ്ഞു: "സർ, വരുന്നതു വരട്ടെ. ഞാനൊരുങ്ങിയിരിക്കുന്നു. പണമെവിടെ?"

* * * *

വലിയ ഒരു സംസ്കൃതപണ്ഡിതൻ അദ്ദേഹത്തിന്റെ വാല്യക്കാരനെ ശമ്പളംകൊടുത്തു പിരിച്ചയക്കുമ്പോൾ വാല്യക്കാരൻ ഒരു സർട്ടിഫിക്കറിന്നു ചോദിച്ചു.

പണ്ഡിതൻ: സാക്ഷ്യപത്രപ്രദാനത്തിൽ ഞാൻ പരാങ്മുഖനല്ല. പക്ഷെ വ്യാജപ്രസ്താവം എന്റെ ആദർശങ്ങൾക്കു വിരുദ്ധമാണ്. വിശ്വാസ്യതയെ അധികരിച്ചേടത്തോളം നീ സ്വീകാര്യൻതന്നെയെന്ന് ഞാൽ സാക്ഷ്യപ്പെടുത്താം. പക്ഷെ നിനക്ക് മടി ജാസ്തിയാണെന്നും എഴുതേണ്ടിവരും.

വാല്യക്കാരൻ: തരക്കേടൊന്നുമില്ല. പക്ഷെ അടുത്ത എജമാനൻ സംസ്കൃതത്തിൽ തന്നെ എഴുതിയാൽ ഞാൻ എങ്ങിനെയെങ്കിലും ജോലി സമ്പാദിച്ചോളാം.

# കേരള പത്രികാ.

ESTABLISHED (1884)

'പത്രിക'യുടെ എല്ലാ ലക്കങ്ങളിലും ചരിത്രം, ശാസ്ത്രം, സമുദായം, രാഷ്ട്രം ഇത്യാദികളെ സംബന്ധിച്ചുള്ള വിജ്ഞാനങ്ങളായ ലേഖനങ്ങളും കുറിപ്പുകളും (രണ്ടാം പെയ്ജ്); സാഹിത്യസംബന്ധമായ ഉപന്യാസങ്ങൾ(എഴാം പെയ്ജ്) പ്രാദേശികവാർത്താക്കുറിപ്പുകൾ (മൂന്നും ആറും പെയ്ജുകൾ) യുദ്ധവാർത്ത, യൂറോപ്യൻവാർത്ത, ഇന്ത്യൻവാർത്ത, നിയമസഭാനടപടികൾ, കേരളവാർത്ത—ഇവയുടെ സങ്ഗ്രഹങ്ങൾ (നാലും അഞ്ചും പെയ്ജുകൾ); എന്നീ ഇനങ്ങൾ കാണപ്പെടുന്നതാണെന്നും, സഞ്ജയൻ 8-ാം പേജിലെ സ്ഥിരലേഖകനാണെന്നും ഉള്ള വസ്തുതകൾ 'പത്രിക'യെ പരിചയമുള്ള എല്ലാ വായനക്കാരും അറിയുന്നതാണ്. വരിസംഖ്യയാകട്ടെ, ആഴ്ചയിൽ രണ്ടു തവണ പുറപ്പെടുന്ന 'പത്രിക'യ്ക്ക് ആണ്ടിൽ അറുവപ്പിക മാത്രവുമാണ്. മൂന്നു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറടച്ച് ഇന്നു തന്നെ നിങ്ങളുടെ പേർ വരിക്കാരുടെ പട്ടികയിൽ ചേർപ്പിക്കുക!

മാനേജർ,
കേരളപത്രിക,
കോർട്ട് റോഡ്,
കോഴിക്കോട്.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut
and published by P. V. Kunhi Raman Nayar.
General Editor:—M. Ramunni Nayar, M. A. (Hons.)